# 3

# നിസാബെ തഅ്ലീം



# നിസാബെ തഅ്ലീം

## ഭാഗം മൂന്ന്



തയ്യാറാക്കിയത്

**മുഹമ്മദ് നജീബ് ഖാൻ**

**Nisab - e - Ta'leem (Malayalam)**
നിസാബെ തഅ്ലീം മൂന്നാം ഭാഗം

Prepared by
Muhammad Najeeb Khan

Assisted by
Muhammed Safvan

Typeset
M.G.E.F Alappuzha

Layout
Ziyad Rahman

Cover Design
Naushad Palluruthi

Printed at
Anaswara Offest, Ernakulam

Published by
Islam International Publication Kannur, Kerala

Sponserd by
**Majlis Ansarullah Kerala**

First Edition: August 2007
Copies 1000
Price : 50

# വിഷയ വിവരം


ആമുഖം

അദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

7 അല്ലാഹു

11 സ്നേഹ നിധിയായ നമ്മുടെ അല്ലാഹു

14 വിശുദ്ധ ഖുർആൻ പഠനം

17 വുളു

24 നമസ്കാരം

32 കഅ്ബ നമ്മുടെ ഖിബ്‌ല

34 ഹദീസ് പഠനം

35 അല്ലാഹുവിന്റെ ഗുണ നാമങ്ങൾ

39 സത്യസന്ധത

42 അത്ഫാലുൽ അഹ്മദിയ്യ, നാസിറാതുൽ അഹ്മദിയ്യ

48 മര്യാദകൾ

56 മുഹമ്മദ് നബി (സ)

61 ഇമാം മഹ്ദി (അ)

64 പദ്യം

اَعُوذُ بِاللهِ مِنَ الشَّيْطَانِ الرَّجِيمْ

بِسْمِ اللهِ الرَّحْمَانِ الرَّحِيمْ

## ആമുഖം

ആത്മീയവും ഭൗതീകവുമായ വിജ്ഞാനം സമ്പാദിക്കുക എന്നത് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അനിവാര്യമായ സംഗതിയാണ്. എന്നാൽ കേവലം അറിവ് നേടുക എന്നതു മാത്രമല്ല വിദ്യാഭ്യാസം കൊണ്ട് വിവക്ഷിതമാക്കുന്നത്. ജീവിതത്തെ പ്രായോഗികമായി സമീപിക്കുന്ന, മനുഷ്യ മനസ്സുകൾക്ക് ആത്മീയവും ഭൗതീകവുമായി ഉൾക്കരുത്ത് നൽകുന്ന ഒരു സമഗ്ര ജീവിത ദർശനം പഠിതാവിന് നൽകുമ്പോഴാണ് വിദ്യാഭ്യാസ പ്രക്രിയ ഫലവത്തായി തീരുന്നത്. ഇസ്‌ലാം മുന്നോട്ടുവെക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും ഈ ഒരു കാഴ്ചപ്പാടാണ്. കേരളത്തിലെ വിദ്യാർത്ഥികൾക്ക് തങ്ങളുടെ മതപഠനത്തിന് അനുയോജ്യമായ പാഠ പുസ്തകങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മജ്‌ലിസ് അൻസാറുല്ലാ കേരള, വഖ്ഫെ നൗ സിലബസിനെ ആധാരമാക്കിക്കൊണ്ട് ഈ പുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.അഞ്ചു മുതൽ പതിനഞ്ചുവയസ്സുവരെയുള്ള കുട്ടികൾക്ക് ചിട്ടയായും ക്രമമായുമുള്ള ഒരു ഏകീകൃത മതപഠനം ഇതു മുഖേന കരസ്ഥമാകുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ യസ്സർനൽ ഖുർആൻ ഉൾപ്പെടെ അതിലെ ആദ്യത്തെ നാലുഭാഗങ്ങൾ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞിരിക്കുകയാണ്. അൽഹംദുലില്ലാഹ്. ഈ പാഠ്യപദ്ധതി ഭംഗിയായി തയ്യാറാക്കിത്തന്നത് മുബല്ലിഗ് മുഹമ്മദ് നജീബ് ഖാൻ സാഹിബാണ് . അല്ലാഹു അദ്ദേഹത്തിന് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ഈ സംരംഭത്തിന് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകുകയും പുസ്തകത്തിന്റെ പ്രസിദ്ധീകരണവും, വിതരണവും ഏറ്റെടുക്കുകയും ചെയ്തുകൊണ്ട് ഞങ്ങളോട് സഹകരിച്ച ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷന്റെ കേരള ഘടകം ചെയർമാൻ പ്രൊഫസർ മഹ്മൂദ് അഹ്മദ് സാഹിബിനോടും സഹപ്രവർത്ത

കരോടുമുള്ള കൃതജ്ഞത പ്രത്യേകം രേഖപ്പെടുത്തുന്നു. അതുപോലെ ഈ സംരംഭത്തിന് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ നോർത്ത് ഇലാഖാ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബും സൗത്ത് ഇലാഖാ ഖാഇദ് ടി. കെ. അബൂബക്കർ സാഹിബും നൽകിയ സഹായ സഹകരണങ്ങൾ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. ഈപുസ്തകങ്ങളുടെ റിവ്യൂചെയ്തു തന്ന മൗലവി ഇസ്മായിൽ സാഹിബിനെയും, ഈ പദ്ധതിയോട് എല്ലാരീതിയിലും സഹകരിച്ച എല്ലാ അഭ്യുദയകാംക്ഷികളെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. ഇവർക്കെല്ലാം അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ.

ഇസ്‌ലാം–അഹ്മദിയ്യത്തിന്റെ ഭാവി, വളർന്നുവരുന്ന തലമുറയിൽ സുഭദ്രമായിരിക്കാൻ വേണ്ടി, അവർക്ക് ശരിയായ മതവിജ്ഞാനം നൽകേണ്ടത് മുതിർന്നവരുടെ ബാധ്യതയാണ്. അതിനുള്ള വിനീതമായ ഒരു പ്രഥമ ശ്രമമാണ് ഈ സംരംഭം. ഇതിലുള്ള കുറവുകളേയും പോരായ്മകളേയും അതുപോലെ ഇതിനെ കുറിച്ചുള്ള നിങ്ങളുടെ വിലപ്പെട്ട അഭിപ്രായങ്ങളും ഞങ്ങളെ എഴുതി അറിയിക്കണമെന്ന് വിനീതമായി അപേക്ഷിക്കുകയാണ്. കൂടാതെ ഈ പാഠ്യപദ്ധതി വിജയപ്രദമായിത്തീരാൻ എല്ലാവരുടേയും ദുആയും സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ജിജ്ഞാസുക്കളായ അഹ്മദി വിദ്യാർത്ഥി സമൂഹത്തിനു മുമ്പാകെ ഈ പാഠ പുസ്തകം ഞങ്ങൾ സാദരം സമർപ്പിക്കുന്നു.

കണ്ണൂർ
19.08.2007

**പി. പി. നാസിറുദ്ദീൻ**
നാസിം, മജ്‌ലിസ് അൻസാറുല്ലാ,
സുബായി കേരള

# അദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

ഏഴ് വയസ്സു മുതൽ എട്ടു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള പാഠ പുസ്തകമാണിത്. വഖ്ഫെ നൗ കുട്ടികൾ പഠിച്ചിരിക്കേണ്ട കാര്യങ്ങളും, അത്ഫാലുൽ അഹ്മദിയ്യ ഏഴാം വയസ്സിൽ പഠിച്ചിരിക്കേണ്ട "കാമിയാബി കി രാഹേം" എന്ന പുസ്തകത്തിലെ "സിത്താരെ അത്ഫാൽ" ഭാഗം ഒന്നിലെ പാഠങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ പഠിച്ച പാഠ ഭാഗങ്ങളിൽ ചിലത് ആവർത്തിച്ചിട്ടുമുണ്ട്. ഇത് പഠിച്ച കാര്യങ്ങൾ വീണ്ടും ഓർമ്മിക്കുന്നതിനും മറന്നു പോയിട്ടുണ്ടെങ്കിൽ അത് വീണ്ടും പഠിക്കുന്നതിനും കുട്ടികൾക്ക് സഹായകമാകും.

ഇളം മനസ്സുകളിൽ നല്ല ശീലങ്ങൾ വളർത്തിയെടുക്കുക, പെരുമാറ്റ മര്യാദകൾ പരിചയപ്പെടുത്തുക, വിശ്വാസകാര്യങ്ങൾ ലളിതമായി ഗ്രഹിപ്പിക്കുക തുടങ്ങിയവയാണ് ഈ പുസ്തകം കൊണ്ട് ലക്ഷ്യമാക്കുന്നത്. മതപഠനം രസകരമാക്കുക എന്ന ഉദ്ദേശ്യത്തോടെ ലളിതമായ ഭാഷയിൽ ചിത്രങ്ങളുടെ സഹായത്തോടെയാണ് ഓരോ പാഠഭാഗവും തയ്യാറാക്കിയിട്ടുള്ളത്.

വിശദീകരണം ആവശ്യമുള്ള സന്ദർഭങ്ങളിൽ കഥകളുടെയും മറ്റും സഹായത്തോടെ കാര്യങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കാൻ കുട്ടികളെ സഹായിക്കേണ്ടതാണ്. ഓരോ പാഠത്തിനു ശേഷം കൊടുത്തിട്ടുള്ള "പ്രവർത്തനങ്ങൾ" കുട്ടികളെ കൊണ്ട് ചെയ്യിക്കേണ്ടതാണ്. പഠന പുരോഗതി അറിയുന്നതിനുവേണ്ടി മാസത്തിലൊരിക്കൽ പരീക്ഷ നടത്താവുന്നതാണ്. വാർഷിക പരീക്ഷ ഉണ്ടായിരിക്കുന്നതാണ്.

# പാഠം ഒന്ന് 

# അല്ലാഹു

**അ**ല്ലാഹുവിലുള്ള നമ്മുടെ വിശ്വാസം ശക്തമായിരിക്കണം. ജീവിതത്തിൽ പല രീതിയിലുള്ള ബുദ്ധിമുട്ടുകളും വിഷമങ്ങളും പലപ്പോഴായി നമുക്ക് ഉണ്ടാകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ നാം മുമ്പത്തേക്കാളധികം അല്ലാഹുവിനോട് കൂറ് കാണിക്കുന്നവരായിരിക്കണം. അവനെ സ്നേഹിക്കണം. ജീവൻ നഷ്ടപ്പെടുമെന്ന അവസ്ഥ വന്നാൽ പോലും അല്ലാഹുവിന്റെ വിശ്വാസത്തിൽ നിന്ന് മുഖം തിരിക്കാത്തവരെയാണ് അവൻ ഇഷ്ടപ്പെടുന്നത്. ഇസ്ലാമിന്റെ അടിത്തറ ഏകദൈവ വിശ്വാസത്തിലാണ് നിലകൊള്ളുന്നത്. അതായത് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതും പരിപാലിക്കുന്നതും ഏകനായ അല്ലാഹുവാണ്. ഈ വിശ്വാസത്തെ **തൗഹീദ്** എന്നു പറയുന്നു. അല്ലാഹുവിലുള്ള പൂർണ്ണ സമർപ്പണമാണ് തൗഹീദ്. ഭാഷയുടെയും ദേശത്തിന്റെയും അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്ന മനുഷ്യ സമൂഹത്തെ ഏകദൈവ വിശ്വാസത്തിലൂടെ ഒന്നിപ്പിക്കുന്ന മാനവിക ഐക്യമാണ് തൗഹീദിന്റെ ഉദ്ദേശ്യം. ഏകസ്രഷ്ടാവിലൂടെ മാത്രമെ സാഹോദര്യ സ്നേഹത്തിലധിഷ്ഠിതമായ ഏകലോകവും ഏക സാമൂഹിക വ്യവസ്ഥിതിയും രൂപം കൊള്ളുകയുള്ളു.

തൗഹീദിന്റെ വിപരീത വിശ്വാസമാണ് ശിർക്ക്. അല്ലാഹുവിനോടു മാത്രമായി പ്രത്യേകപ്പെട്ട് കിടക്കുന്ന കീഴ്‌വണക്കവും അനുസരണവുമെല്ലാം അല്ലാഹു അല്ലാത്തവർക്ക് നല്കുമ്പോൾ അത് ശിർക്കായി മാറുന്നു. അതുപോലെ അല്ലാഹുവിന്റെ സത്തയിലും, ഗുണത്തിലും മറ്റ് സൃഷ്ടികളെ പങ്കുചേർക്കുന്നതും ശിർക്കാണ്. മറ്റ് മതവിശ്വാസികൾ ചെയ്യുന്നതുപോലെ വിഗ്രഹങ്ങളെ ആരാധിക്കുന്നതും മരിച്ചു പോയ മറ്റ് മഹാത്മാക്കളെന്ന് പറയപ്പെടുന്നവരെ വിളിച്ചു പ്രാർത്ഥിക്കുന്നതും, അവരുടെ ഖബ്റിടങ്ങളിൽച്ചെന്ന് ആവശ്യപൂർത്തീകരണത്തിനായി അവരോട് ദുആ ചെയ്യുന്നതും മറ്റും ശിർക്കിന്റെ വകഭേദങ്ങളാകുന്നു. അല്ലാ

ഹുവിന്റെ പേരിൽ ചെയ്യപ്പെടാത്ത നേർച്ചകളും ശിർക്കിൽപ്പെട്ടതാണ്. അതുകൊണ്ട് അത്തരം നേർച്ചകളിൽ ഉണ്ടാക്കപ്പെടുന്ന ഭക്ഷണപദാർത്ഥങ്ങൾ നമുക്ക് കഴിക്കാൻ പാടില്ലാത്തതാകുന്നു. അതിനെ ഖുർആൻ വിലക്കുകയും ചെയ്തിട്ടുണ്ട്.

**അല്ലാഹുവിനെ കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു.**

1 ـ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ o اَلرَّحْمٰنِ الرَّحِيْمِ o مٰلِكِ يَوْمِ الدِّيْنِ o
(الفاتحہ: 2 تا 4)

2 ـ قُلْ هُوَ اللّٰهُ اَحَدٌ ـ اَللّٰهُ الصَّمَدُ ـ لَمْ يَلِدْ وَ لَمْ يُوْلَدْ ـ وَلَمْ يَكُنْ لَّهٗ كُفُوًا اَحَدٌ ـ
(الاخلاص: 2 تا 5)

3 ـ اَللّٰهُ لَا اِلٰهَ اِلَّا هُوَالْحَيُّ الْقَيُّوْمُ (البقرہ: 256)

4 ـ اِنَّ اللّٰهَ عَلٰى كُلِّ شَيْءٍ قَدِيْرٌ o (البقرة: 110)

5 ـ هُوَ اللّٰهُ الْخَالِقُ الْبَارِئُ الْمُصَوِّرُ لَهُ الْاَسْمَاءُ الْحُسْنٰى ـ
(الحشر: 25)

**അർത്ഥം**

1. എല്ലാ സ്തുതിയും അല്ലാഹുവിന് ആകുന്നു. അവൻ സർവ്വലോക രക്ഷിതാവാകുന്നു. അതിരില്ലാതെ കരുണ ചെയ്യുന്നവൻ, വീണ്ടും വീണ്ടും കരുണ ചെയ്യുന്നവൻ, പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ.
2. പറയുക, അവൻ അല്ലാഹു ഏകനാകുന്നു. അവൻ സർവ്വാധിനാഥനാകുന്നു. അവൻ സന്താനോൽപാദനം ചെയ്തിട്ടില്ല. അവൻ ഉൽപാദിപ്പിക്കപ്പെട്ടിട്ടുമല്ല. അവന് സമാനമായി ആരും തന്നെയില്ല.
3. അല്ലാഹു, അവനല്ലാതെ മറ്റൊരു ഒരാധ്യനുമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവനും സ്വയം നിലനില്ക്കുന്നവനും എല്ലാറ്റിനെയും നിലനിറുത്തുന്നവനുമാണ്.

4. തീർച്ചയായും അല്ലാഹു എല്ലാ വസ്തുക്കളിലും ആഗ്രഹിക്കുന്നതുപോലെ വിധി നടപ്പാക്കാൻ കഴിയുന്നവനാണ്.

5. അവൻ സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉൽക്കൃഷ്ടമായ നാമങ്ങൾ അവനുള്ളതാകുന്നു.

## പ്രവർത്തനങ്ങൾ

### നിർദ്ദേശങ്ങൾ

ശിർക്കിനെക്കുറിച്ചും നേർച്ചകളെക്കുറിച്ചും പറഞ്ഞുകൊടുക്കുക.

### വിവരിക്കുക

1. തൗഹീദ്, ശിർക്ക് എന്നീ പദങ്ങളെക്കുറിച്ച് ചുരുക്കി എഴുതുക

............................................................................................................

............................................................................................................

............................................................................................................

............................................................................................................

............................................................................................................

............................................................................................................

............................................................................................................

............................................................................................................

### ഉത്തരം പറയുക

1. തൗഹീദുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?

............................................................................................................

............................................................................................................

.....................................................................................................................

.....................................................................................................................

.....................................................................................................................

.....................................................................................................................

**ആയത്ത് എഴുതുക**

1. അല്ലാഹുവിനെക്കുറിച്ച് ഖുർആൻ വിവരിച്ച രണ്ട് വചനങ്ങൾ എഴുതുക, അർത്ഥവും എഴുതുക

1.

.....................................................................................................................

.....................................................................................................................

.....................................................................................................................

.....................................................................................................................

.....................................................................................................................

.....................................................................................................................

2.

.....................................................................................................................

.....................................................................................................................

.....................................................................................................................

.....................................................................................................................

**മനഃപാഠമാക്കുക:**

നമ്മുടെ കലിമ ത്വയ്യിബ (പരിശുദ്ധ കലിമ)

**ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹി**

അല്ലാഹു അല്ലാതെ ഒരു ആര്യാധ്യനുമില്ല മുഹമ്മദ് (സ) അവന്റെ ദൂതനാകുന്നു.

# പാഠം രണ്ട്

# സ്നേഹനിധിയായ നമ്മുടെ അല്ലാഹു

**അ**ല്ലാഹു നമ്മളെ അധികമായി സ്നേഹിക്കുന്നുണ്ട്. നമ്മുടെ മാതാപിതാക്കളെക്കാളും അധികമായി, അവൻ നമ്മെ സ്നേഹിച്ചും പരിപാലിച്ചും വരുന്നു. നമ്മുടെ എല്ലാആവശ്യങ്ങളും അവൻ പൂർത്തീകരിച്ചു തരുന്നു. അല്ലാഹു വളരെയധികം ഔദാര്യം ചെയ്യുന്നവനുമാകുന്നു. നബി(സ) പറഞ്ഞു: ഒരാൾ അല്ലാഹുവിലേക്ക് ഒരു ചാൺ അടുത്താൽ അല്ലാഹു അയാളിലേക്ക് രണ്ടു ചാൺ അടുത്തുവരുന്നു. ഒരാൾ അല്ലാഹുവിലേക്ക് നടന്നുചെന്നാൽ അല്ലാഹു അയാളിലേക്ക് ഓടിവരുന്നു. അതായത് നാം ശുദ്ധഹൃദയത്തോടും ആത്മാർത്ഥതയോടുംകൂടി അല്ലാഹു വിലേക്ക് പതുക്കെപതുക്കെ അടുത്താൽ അവൻ ദയയോടും കാരുണ്യത്തോടുംകൂടി നമ്മളിലേക്ക് അടുത്തുവരുന്നു.

ഒരിക്കൽ നബി (സ) മദീനാ പള്ളിയിൽ ഇരിക്കുകയായിരുന്നു. കൂടെ അനുചരന്മാരും ഉണ്ട്.

അപ്പോൾ ഒരാൾ ഒരു കമ്പിളി പുതപ്പിൽ എന്തോ പൊതിഞ്ഞു കൊണ്ട് നബി (സ) യുടെ അടുത്തു വന്നു.

അത് നബി (സ) യുടെ സമീപത്തുവെച്ചുകൊണ്ട്, അയാൾ പറഞ്ഞു. “ ഞാൻ മരങ്ങൾ തിങ്ങിനിറഞ്ഞ ഒരു തോട്ടത്തിലൂടെ നടന്നുവരുകയായിരുന്നു. അപ്പോൾ പക്ഷികുഞ്ഞുങ്ങൾ ചിലയ്ക്കുന്ന ശബ്ദം കേട്ടു. ആ ശബ്ദം ഞാൻ ശ്രദ്ധിച്ചപ്പോൾ പറക്കാൻ കഴിയാത്ത ചെറിയ പക്ഷിക്കുഞ്ഞുങ്ങളെ കണ്ടു. ഞാൻ അവയെ പിടിച്ചു ഈ കമ്പിളിയിൽ പൊതിഞ്ഞു. അപ്പോൾ അവയുടെ തള്ളപക്ഷി എന്റെ തലക്കുമീതെ വട്ടമിട്ട് പറക്കാൻ തുടങ്ങി. ഞാൻ ഉടനെ ഈ കമ്പിളിപൊതി താഴെ വെച്ചപ്പോൾ തള്ളപക്ഷിയും ഈ പക്ഷിക്കുഞ്ഞുകളുടെ കൂടെ വന്നിരുന്നു. അങ്ങനെ ഞാൻ അതിനെയും പൊതിഞ്ഞു കൂടെ കൊണ്ടുവന്നു.

അയാളുടെ വിവരണം ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്ന നബി (സ) കമ്പിളി പൊതി തുറന്ന് ആ പക്ഷികുഞ്ഞുങ്ങളെ പുറത്തുവിടാൻ കല്പിച്ചു. അയാൾ പൊതി തുറന്നു വെച്ചെങ്കിലും തള്ളപക്ഷി പറന്നു പോകുന്നില്ല. അത് ഭയത്തോടെ തന്റെ കുഞ്ഞുങ്ങളോട് ചേർന്നു നില്ക്കുന്നു."

നബി (സ) യുടെ അനുചരൻമാർ കൗതുകത്തോടെ ഈ രംഗം നോക്കി നിൽക്കുകയാണ്. അപ്പോൾ നബി (സ) പറഞ്ഞു, 'ഈ തള്ളപ്പക്ഷിയ്ക്ക് തന്റെ കുഞ്ഞുങ്ങളോടുള്ള സ്നേഹം കണ്ടിട്ട് നിങ്ങൾക്ക് അത്ഭുതം തോന്നുന്നുണ്ടോ? എന്നാൽ, അറിഞ്ഞുകൊള്ളുക. "അല്ലാഹുവിന് അവന്റെ ദാസൻമാരോട് ഇതിനെക്കാൾ എത്രയോ ഇരട്ടി സ്നേഹമുണ്ട്". അതിനാൽ അവന്റെ സ്നേഹം എന്നെന്നും നിലനില്ക്കാൻവേണ്ടി അവൻ പറഞ്ഞു തന്ന രീതിയിൽ നാം ജീവിക്കാൻ പരിശ്രമിക്കണം. അവന്റെ സ്നേഹത്തിന് കുറവു വരുത്തുന്ന ഒരു തരത്തിലുള്ള പ്രവൃത്തിയും നമ്മളിൽ നിന്ന് ഉണ്ടാകരുത്.

**അല്ലാഹു നമ്മെ അധികമായി സ്നേഹിക്കുന്നു**

## പ്രവർത്തനങ്ങൾ

**കൂട്ടി ചേർക്കുക.**

1. അല്ലാഹു നമ്മെ അധികമായി ..............................................

.......................................................................................................................

2. അല്ലാഹു വളരെയധികം .............................. ചെയ്യുന്നവനാകുന്നു.

.......................................................................................................................

3. ഒരാൾ അല്ലാഹുവിലേയ്ക്ക് .................... അടുത്താൽ അല്ലാഹു അയാളിലേയ്ക്ക് ............... അടുത്തു വരുന്നു.

.......................................................................................................................

.......................................................................................................................

**ചുരുക്കി എഴുതുക**

പാഠത്തിൽ വിവരിച്ച സംഭവം നിങ്ങൾ വായിച്ചു നോക്കിയതിനു ശേഷം സ്വന്തം വാക്കുകളിൽ ചുരുക്കി എഴുതുക.

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........

................................................................................................................

..........................................................................................................................

..........................................................................................................................

**വിവരിക്കുക**

പാഠം നല്ലവണ്ണം വായിച്ചു ഗ്രഹിച്ചതിനുശേഷം അല്ലാഹു നമ്മെ എപ്രകാരമാണ് സ്നേഹിക്കുന്നതെന്ന് ചുരുക്കി വിവരിക്കുക.

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

## പാഠം മൂന്ന് വിശുദ്ധ ഖുർആൻ പഠനം

**നാം** യസ്സർനൽ ഖുർആൻ കഴിഞ്ഞ വർഷം പഠിച്ചുകഴിഞ്ഞു. ഈ വർഷം മുതൽ വിശുദ്ധ ഖുർആൻ ഓതാൻ തുടങ്ങേണ്ടതാണ്. യസ്സർനൽ ഖുർആനിൽ പഠിച്ച തജ്‌വീസ് നിയമങ്ങൾ അനുസരിച്ചായിരിക്കണം നാം ഖുർആൻ ഓതേണ്ടത്. ഓതുമ്പോൾ വല്ല തെറ്റും സംഭവിക്കുകയാണെങ്കിൽ യസ്സർനൽ ഖുർആന്റെ സഹായത്താൽ തെറ്റ് തിരുത്തി ഓതേണ്ടതാണ്. അതുപോലെ യസ്സർനൽ ഖുർആനിൽ പ്രതിപാദിച്ചിട്ടുള്ള തജ്‌വീസ് നിയമങ്ങൾ ഇടയ്ക്കിടക്ക് ആവർത്തിച്ച് വായിക്കുകയും മനഃപാഠമാക്കി ക്കൊണ്ടിരിക്കുകയുംവേണം. ഇപ്രകാരം ചെയ്യുകയാണെങ്കിൽ ഖുർആൻ പാരായണം കുറ്റമറ്റതാക്കി തീർക്കാൻ നമുക്ക് സാധിക്കുന്ന താണ്.

ഖുർആൻ സ്വരമാധുര്യത്തോടെ നിറുത്തി നിറുത്തി ഓതേണ്ടതാണ്. ധിറുതിയിൽ പാരായണം ചെയ്യരുത്. അക്ഷരസ്ഫുടതയോടെ നല്ല സ്വരത്തിൽ നിറുത്തി നിറുത്തി പാരായണം ചെയ്യുന്നത് അല്ലാഹുവിന്റെ സവിധത്തിൽ സ്വീകാര്യാർഹമായ കർമ്മമാകുന്നു. ദിവസവും രാവിലെ  സുബ്ഹി നമസ്കാരത്തിന് ശേഷവും വൈകുന്നേരവും ഖുർആൻ ഓതുന്നത് നമ്മുടെ അഭിവൃദ്ധിക്കും അല്ലാഹുവിന്റെ അനുഗ്രഹത്തിനും കാരണമാകുന്നതാണെന്ന് ഖുർആൻ പറയുന്നു. ആയതിനാൽ ദിവസവും രാവിലെയും വൈകിട്ടും കൃത്യനിഷ്ഠയോടെ ഖുർആൻ പാരായണം ചെയ്യേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

ഈ വർഷം അൽബഖറ, ആലുഇംറാൻ എന്നീ അദ്ധ്യായങ്ങൾ മുഴുവനും നോക്കി ഓതേണ്ടതാണ്. കൂടാതെ താഴെ കൊടുത്തിരിക്കുന്ന ഖുർആനിലെ സൂറത്തുകൾ മനഃപാഠമാക്കേണ്ട തുമാണ്.

1. അൽ ഫലഖ്

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

قُلْ أَعُوذُ بِرَبِّ ٱلْفَلَقِ ﴿١﴾ مِن شَرِّ مَا خَلَقَ ﴿٢﴾ وَمِن
شَرِّ غَاسِقٍ إِذَا وَقَبَ ﴿٣﴾ وَمِن شَرِّ ٱلنَّفَّٰثَٰتِ فِى
ٱلْعُقَدِ ﴿٤﴾ وَمِن شَرِّ حَاسِدٍ إِذَا حَسَدَ ﴿٥﴾

2 അന്നാസ്

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

قُلْ أَعُوذُ بِرَبِّ ٱلنَّاسِ ﴿١﴾ مَلِكِ ٱلنَّاسِ ﴿٢﴾ إِلَٰهِ
ٱلنَّاسِ ﴿٣﴾ مِن شَرِّ ٱلْوَسْوَاسِ ٱلْخَنَّاسِ ﴿٤﴾ ٱلَّذِى
يُوَسْوِسُ فِى صُدُورِ ٱلنَّاسِ ﴿٥﴾
مِنَ ٱلْجِنَّةِ وَٱلنَّاسِ ﴿٦﴾

3 അല്ലഹബ്

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

تَبَّتْ يَدَآ أَبِى لَهَبٍ وَتَبَّ ﴿١﴾ مَآ أَغْنَىٰ عَنْهُ مَالُهُۥ وَمَا
كَسَبَ ﴿٢﴾ سَيَصْلَىٰ نَارًا ذَاتَ لَهَبٍ ﴿٣﴾ وَٱمْرَأَتُهُۥ
حَمَّالَةَ ٱلْحَطَبِ ﴿٤﴾ فِى جِيدِهَا حَبْلٌ مِّن مَّسَدٍۭ ﴿٥﴾

# പ്രവർത്തനങ്ങൾ

**ഉത്തരമെഴുതുക**

1. വിശുദ്ധ ഖുർആൻ പാരായണം ചെയ്യേണ്ടത് എങ്ങനെയാണ് ?

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

2. ദിവസത്തിൽ ചുരുങ്ങിയത് എത്രപ്രാവശ്യം ഖുർആൻ പരായണം ചെയ്യണം? ഏതൊക്കെ സമയങ്ങളാണ്

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

## പാഠം നാല്

# വുളൂ (അംഗശുദ്ധി)

# اَلْوُضُوْءُ

**അ**ല്ലാഹുവിന്റെ സ്നേഹവും സാമിപ്യവും കരസ്ഥമാക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗമാണ് നമസ്കാരം. ഇതിനായി ഹൃദയത്തിൽ ആത്മാർത്ഥതയും, ആന്തരികമായ പരിശുദ്ധിയും ആവശ്യമുള്ളതു പോലെ ശാരീരികമായ ശുചിത്വവും ആവശ്യമാണ്. കാരണം അല്ലാഹു പരിശുദ്ധനാണ്. പരിശുദ്ധന്മാരെ മാത്രമേ അവൻ ഇഷ്ടപ്പെടുകയുള്ളൂ. അതുകൊണ്ട് നമസ്കാരത്തിനായി പോകുന്നതിനുമുമ്പേ **നമ്മുടെ ശരീരം ശുദ്ധമായിരിക്കണം. ശുദ്ധമായ വസ്ത്രം ധരിക്കണം. അതുപോലെ നാം നമസ്കരിക്കുന്ന സ്ഥലവും വൃത്തിയുള്ളതായിരിക്കണം.** ഇവ നമസ്ക്കാരത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത നിർബന്ധ നിബന്ധനകളാകുന്നു. സമൂഹത്തിലെ ഉന്നതരായ വ്യക്തികളെ കാണുന്നതിനായി അഴുക്കു പുരണ്ട വസ്ത്രങ്ങൾ ധരിച്ച് നാം പോകാൻ ഇഷ്ടപ്പെടാത്തതുപോലെ, പരമപരിശുദ്ധിയുടെ ഉടമസ്ഥനായ അല്ലാഹുവിന്റെ മുന്നിൽ, അവനെ ആരാധിക്കുന്നതിനായി അഴുക്കു പുരണ്ട വസ്ത്രങ്ങൾ ധരിച്ച് നമുക്ക് എങ്ങനെ പോകാൻ കഴിയും. ആയതിനാൽ എല്ലാ നമസ്ക്കാരത്തിന് മുമ്പും അംഗ ശുദ്ധി വരുത്തേണ്ടത് നിർബന്ധമായ കർമ്മമാകുന്നു. ഇതിനെ **വുളൂ** എന്ന് പറയുന്നു. ശുദ്ധമായ വെള്ളംകൊണ്ട് മാത്രം വുളു ചെയ്യേണ്ടതാണ്. നാം ഇത് സ്നേഹത്തോടും ആത്മാർത്ഥതയോടും കൂടി നിർവ്വഹിക്കേണ്ടതാണ്.


## വുളു ചെയ്യേണ്ട രീതി

താഴെ വിശദീകരിച്ചിരിക്കുന്ന രീതിയിൽ വുളു ചെയ്യേണ്ടതാണ്.

بِسْمِ اللهِ الرَّحْمَانِ الرَّحِيمِ എന്ന് പറഞ്ഞുകൊണ്ട് വുളു ചെയ്യാൻ ആരംഭിക്കണം. കാരണം ബിസ്മില്ലാ വുളുവിന്റെയും, വുളു നമസ്കാരത്തിന്റെയും, നമസ്കാരം സ്വർഗത്തിന്റെയും താക്കോലാകുന്നു.

(ചിത്രങ്ങളിൽ നിന്ന് വുളു ചെയ്യേണ്ട രീതി മനസ്സിലാക്കാവുന്നതാണ്.)

1. കൈകൾ മണികണ്ഠം വരെ മൂന്ന് പ്രാവശ്യം കഴുകണം.







2. മൂന്ന് പ്രാവശ്യം വലതുകൈകൊണ്ട് വായിൽ വെള്ളം കയറ്റി കൊപ്ലിക്കുക.

3. മൂക്കിൽ വെള്ളം കയറ്റി ഇടതു കൈകൊണ്ട് വൃത്തിയാക്കുക.







**4. രണ്ട് കൈകളിലും നിറയെ വെള്ളമെടുത്ത് മുഖം മുഴുവനും മൂന്നു പ്രവാശ്യം കഴുകണം**



(ഒരു ചെവിമുതൽ മറ്റേ ചെവി വരെയും തലമുടി (നെറ്റിയുടെ അറ്റം) മുതൽ താടിയെല്ലിന്റെ അറ്റം വരെയും മുഖത്തിൽ ഉൾപ്പെടുന്നു.)



**5. വലതുകൈമുട്ട് ഉൾപ്പടെ മൂന്ന് പ്രാവശ്യം കഴുകണം.**

ഇതു പോലെ ഇടതു കൈ മുട്ട് ഉൾപ്പടെ മൂന്ന് പ്രാവശ്യം കഴുകുക.

**6. തല ഒരു പ്രാവശ്യം തടവുക.**

(രണ്ട് കൈപ്പടങ്ങളും വെള്ളം നനച്ച് ആദ്യം തലയുടെ മുൻവശത്ത് നിന്നും പിൻവശത്തേയ്ക്ക് പിരടിവരെ തടവുകയും അതിന് ശേഷം രണ്ട് കൈകളും അതേ രീതിയിൽ മുൻവശത്തേക്ക് തിരിച്ച് തടവുകയും ചെയ്യുക.)



**7. ചെവി രണ്ടും ഒരു പ്രാവശ്യം തടവുക**
(ചൂണ്ടുവിരൽ കൊണ്ട് രണ്ട് ചെവിയുടെ ഉൾഭാഗവും ഉള്ളും തള്ളവിരൽ കൊണ്ട് ചെവിയുടെ പുറവും തടവുക.)





**8. വലതുകാൽ ഞെരിയാണി ഉൾപ്പടെ മൂന്ന് പ്രാവശ്യം കഴുകുക.**

**9. ഇടതുകാൽ ഞെരിയാണി ഉൾപ്പടെ മൂന്ന് പ്രാവശ്യം കഴുകുക.**



**വുളു എടുക്കുന്ന രീതി കുട്ടികൾക്ക് കാണിച്ചുകൊടുത്ത് പഠിപ്പിക്കേണ്ടതാണ്. ഇത് കൃത്യമായി ശീലക്കുന്നതുവരെ കുട്ടികളെ ശ്രദ്ധിക്കുകയും തെറ്റുകൾ തിരുത്തി പറഞ്ഞു കൊടുക്കുകയും ചെയ്യേണ്ടതാണ്.**

## വുളു വിന്റെ ദുആ

വുളു ചെയ്തുകഴിഞ്ഞാൽ താഴെ പറയും പ്രകാരം ദുആ ചെയ്യേണ്ട താകുന്നു.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللهُ وَحْدَهُ لَا شَرِيْكَ لَهُ
وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَ رَسُوْلُهُ

**അശ്ഹദുഅല്ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്ക ലഹു**
**വ അശ്ഹദു അന്നമുഹമ്മദൻ അബ്ദുഹു വറസൂലുഹു.**

اَللّٰهُمَّ اجْعَلْنِي مِنَ التَّوَّابِينَ وَاجْعَلْنِي مِنَ الْمُتَطَهِّرِينَ

**അല്ലാഹുമ്മജ്അൽനീ മിനതവ്വാബീന വജ്അൽനീ**
**മിനൽ മുതത്വഹഹ്രീൻ.**

### വുളു മുറിയുന്ന കാര്യങ്ങൾ.

നമസ്കാരത്തിനുവേണ്ടി വുളു എടുത്തതിനു ശേഷം താഴെ പറയുന്ന സംഗതികളിൽ ഏതെങ്കിലുമൊന്ന് സംഭവിച്ചാൽ വുളു മുറിഞ്ഞു പോകുന്നതാണ്. അങ്ങനെവന്നാൽ വീണ്ടും വുളു ചെയ്യേണ്ടതാണ്. കാരണം വുളു കൂടാതെയുള്ള നമസ്കാരം അല്ലാഹു സ്വീകരിക്കു കയില്ല.

1. മൂത്ര വിസർജ്ജനം
2. മല വിസർജ്ജനം
3. കീഴ്വായു പുറപ്പെടൽ
4. കിടന്നോ ചാരിയിരുന്നോ ഉറങ്ങുക
5. ബോധക്ഷയം ഉണ്ടാകുക
6. ശരീരത്തിൽ നിന്നും രക്തമോ ചലമോ ഒഴുകുക

1. ദിവസത്തിൽ ഒരു വുളു കൊണ്ട് പല നമസ്കാരങ്ങളും അനുഷ്ഠിക്കാവുന്നതാണ്. ഓരോ നമസ്കരത്തിനുംവേണ്ടി വുളു പ്രത്യേകം ചെയ്യേണ്ടതില്ല. വുളു മുറിയുന്ന കാര്യം സംഭവിക്കാത്തതുവരെ അതു നിലനില്കുന്നു.

2. വുളു ചെയ്യുന്ന അവസരത്തിൽ മിസ്‌വാക് ചെയ്യുന്നതും താടിരോമത്തിനിടയിൽ വിരലുകൾ കയറ്റി കഴുകുന്നതും സുന്നത്താകുന്നു.

3. വുളു ചെയ്ത് സോക്സുകൾ (കാലുറ) ധരിച്ചതിനു ശേഷം വീണ്ടും വുളു ചെയ്യേണ്ട സാഹചര്യം വന്നാൽ വീണ്ടും കാലുകഴുകുന്നതിനു പകരം ഒരു സ്ഥലത്തു സ്ഥിര താമസക്കാരനാണെങ്കിൽ 24 മണിക്കൂർവരെയും യാത്രക്കാരനാണെങ്കിൽ മൂന്നു ദിവസം വരെയും സോക്സിനു മുകളിൽ തടകിയാൽ മതി.

## പ്രവർത്തനങ്ങൾ

### പൂരിപ്പിക്കുക

1. വുളു എന്ന വാക്കിന്റെ അർത്ഥം ..........................ആകുന്നു.

......................................................................

2. ................................ വെള്ളം കൊണ്ടാണ് വുളു ചെയ്യേണ്ടത്.

......................................................................

3. നമസ്കരിക്കുന്നതുകൊണ്ട് അല്ലാഹുവിന്റെ ..........................കരസ്ഥമാകുന്നതാണ്.

......................................................................

4. വുളു ആരംഭിക്കുന്നത് .................................... എന്ന ദുആ ചെയ്തു കൊണ്ടായിരിക്കണം.

.......................................................................

5. എല്ലാ നമസ്കാരത്തിനു മുമ്പും............................ചെയ്യുന്നത് നിർബന്ധമാകുന്നു.

.......................................................................

**ഉത്തരമെഴുതുക**

1. വുളു മുറിയുന്ന സംഗതികൾ എന്തെല്ലാം?

.................................................................................................................

.................................................................................................................

2. എന്തിനുവേണ്ടിയാണ് വുളു ചെയ്യുന്നത്?

.................................................................................................................

.................................................................................................................

3. വുളു ചെയ്യാതെ നമസ്കരിച്ചാൽ എന്താണ് സംഭവിക്കുന്നത്?

.................................................................................................................

4. യാത്രക്കാരന് എത്ര ദിവസം വരെ സോക്സിൽ തടകാൻ അനുവാദം ഉണ്ട്?

.................................................................................................................

.................................................................................................................

5. വുളു ചെയ്യേണ്ട ക്രമം തെറ്റാതെ പറയുക.

.................................................................................................................

.................................................................................................................

.................................................................................................................

.................................................................................................................

പാഠം അഞ്ച്

# നമസ്കാരം
# اَلصَّلٰوةُ




## നമസ്കാരക്രമം

ഖിബ്‌ലക്ക് അഭിമുഖമായി നില്ക്കുകയും ഭൗതികമായ എല്ലാ ചിന്തകളിൽ നിന്ന് മുക്തമാവുകയും സകല ശ്രദ്ധയും അല്ലാഹുവിൽ കേന്ദ്രീകരിക്കുകയും കണ്ണുകൾ സുജൂദ് ചെയ്യുന്ന ഭാഗത്ത് നിലനിറുത്തുകയും ചെയ്യുക.





നമസ്കാരത്തിന് നില്ക്കേണ്ട രീതികൾ ചിത്രങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്







ഇതിന് ശേഷം **അല്ലാഹു അക്ബർ** എന്ന് പറഞ്ഞുകൊണ്ട് രണ്ട് കൈപ്പടങ്ങളും വിരലുകളും ചെവികൾക്ക് നേരെ ആകുമാറ് കൈകൾ ഉയർത്തുകയും അവ ഉടനെ താഴ്ത്തി വലതു കൈ ഇടതുകയ്യുടെ മണികണ്ഠത്തിൽ വെച്ച് നെഞ്ചിനും പൊക്കിളിനും ഇടയിൽ കൈ കെട്ടുക. കൈ കെട്ടിയതിനു ശേഷം നിയ്യത്തിന്റെ വാചകവും സ്തുതിവചനവും ചൊല്ലുക.

## നിയ്യത്ത്

وَجَّهْتُ وجْهِيَ لِلَّذِي فَطَرَ السَّمَـاوَاتِ
وَالْأَرْضَ حَنِيـفاً وَمَا اَنَ مِنَ الْمُشْرِكِينَ

വജ്ജഹത്തു വജ്ഹിയ ലില്ലദീ ഫത്വറ സമാവാത്തി വൽ അർള
ഹനീഫൻ വമാ അന മിനൽ മുശ്‌രിക്കീൻ

## സ്തുതി വചനം

سُبْحانَكَ اللّٰهُمَّ وَبِحَمْدِكَ وَ تَبارَكَ اسْمُكَ
وَتَعَالٰى جَدُّكَ وَلاإِلٰهَ غَيْرُكَ

സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക വതാബാറകസ്മുക്ക
വതആല ജദ്ദുക്ക വലാ ഇലാഹ ഗൈറുക്ക

സ്തുതി വചനം ചൊല്ലിയതിനുശേഷം

أَعُوذُ بِاللهِ مِنَ الشَّيْطَانِ الرَّجِيمْ എന്ന് ചൊല്ലുക.

പിന്നീട് സൂറഃ ഫാത്തിഹയും ഏതെങ്കിലും ചെറിയ സൂറത്തോ അല്ലെങ്കിൽ അല്പം ചില ആയത്തുകളോ ഓതുക.

بِسْمِ اللهِ الرَّحْمَانِ الرَّحِيمْ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ ۝٢ اَلرَّحْمَانِ الرَّحِيْمِ ۝٣

مَالِكِ يَوْمِ الدِّيْنِ ۝٤ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝٥

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝٦

صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَاالضَّآلِّيْنَ ۝٧

••••••••••••••••••••••••••••••••••••••

بِسْمِ اللهِ الرَّحْمَانِ الرَّحِيمْ ۝١

وَالْعَصْرِ ۝٢ اِنَّ الْاِنْسَانَ لَفِيْ خُسْرٍ ۝٣

اِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَتَوَاصَوْا بِالْحَقِّ

وَتَوَاصَوْا بِالصَّبْرِ ۝٤

പിന്നെ **അല്ലാഹു അക്ബർ** എന്ന് പറഞ്ഞുകൊണ്ട് **റുകൂഅ്** ചെയ്യുക. രണ്ട് ഉള്ളം കൈകളും കാൽ മുട്ടിന്റെ മുകളിൽ വെച്ചു കൊണ്ട് കുനിഞ്ഞ് നില്ക്കണം. മുട്ടുകൾ വളയാൻ പാടില്ല.





റുകൂഇൽ നില്ക്കേണ്ട വിധം

റുകൂഇൽ سُبْحَانَ رَبِّيَ الْعَظِيمِ എന്ന് മൂന്ന് പ്രാവശ്യം ചൊല്ലണം.

**സുബ്ഹാന റബ്ബിയൽ അളീം**

അതിന് ശേഷം سَمِعَ اللهُ لِمَنْ حَمِدَهُ

**സമിയല്ലാഹു ലിമൻ ഹമിദഹു**

എന്ന് പറഞ്ഞുകൊണ്ട് റുകൂഇൽ നിന്ന് നിവർന്ന് നില്ക്കണം.
ഇതിനെ **ഇഅ്തിദാൽ** എന്നു പറയുന്നു.
ഇഅ്തിദാലിൽ ഇപ്രകാരം ദുആ ചെയ്യുക.

رَبَّنَا وَلَكَ الْحَمْدُ حَمْدًا كَثِيرًا طَيِّبًا مُبَارَكًا فِيهِ

**റബ്ബനാ വലക്കൽ ഹംദു ഹംദൻ കഥീറൻ**
**ത്വയ്യിബൻ മുബാറക്കൻ ഫീഹി**



ഇഅ്തിദാൽ

അതിനു ശേഷം
**അല്ലാഹു അക്ബർ** എന്ന്
പറഞ്ഞുകൊണ്ട്
**സുജൂദ്** ചെയ്യുക.





സുജൂദ്

ആദ്യം കാൽ മുട്ടുകളും പിന്നീട് രണ്ട് കൈപ്പടങ്ങളും നെറ്റിയും മൂക്കും നിലത്ത് പതിയണം. കാൽവിരലുകൾ നിലത്ത് കുത്തിവയ്ക്കേണ്ടതാണ്. കൈമുട്ടുകൾ നിലത്തു പതിയാതെ ഉയർത്തി വയ്ക്കണം. തല രണ്ട് കൈപ്പടങ്ങളുടെ നടുവിലായി വെയ്ക്കേണ്ടതാണ്. കൈകൾ കക്ഷം വെളിവാകുന്ന രീതിയിൽ പാർശ്വങ്ങളിൽ നിന്നും വയറ് തുടകളിൽ നിന്നും വേറിട്ടിരിക്കേണ്ടതുമാണ്.

സുജൂദിൽ سُبْحَانَ رَبِّيَ الْأَعْلَى
(സുബ്ഹാന റബ്ബിയൽ അഅ്ലാ)
എന്ന് മൂന്ന് പ്രാവശ്യം ചൊല്ലുക



ഇടയിലെ ഇരുത്തം

പിന്നീട് **അല്ലാഹു അക്ബർ** എന്ന് പറഞ്ഞു കൊണ്ട് സൂജൂദിൽ നിന്ന് എഴുന്നേറ്റിരിക്കുക. രണ്ട് കൈയ്യും മുട്ടിന്മേൽ വെച്ച് ഇരിക്കണം. ഇരിക്കേണ്ട രീതി ചിത്രത്തിൽ നിന്നും മനസ്സിലാക്കുക. ഇതിനെ **ഖഅദ ഇടയിലെ ഇരുത്തം** എന്ന് പറയുന്നു. ഈ ഇരുത്തത്തിൽ ഇപ്രകാരം ദുആ ചെയ്യുക.

اَللّٰهُمَّ اغْفِرْلِي وَارْحَمْنِي وَاهْدِنِي وَعَافِنِي
وَاجْبُرْنِي وَارْزُقْنِي وَارْفَعْنِي

**അല്ലാഹുമ്മ ഗ്ഫിർലീ വർഹംനീ വഹ്ദിനീ**
**വ ആഫിനീ വജ്ബുർനീ വർസുഖ്നീ വർഫഅ്നീ**

ഈ ദുആ ചെയ്തതിനുശേഷം **അല്ലാഹുഅക്ബർ** എന്ന് പറഞ്ഞു കൊണ്ട് വീണ്ടും സുജൂദ് ചെയ്യുക. ഈ സുജൂദിലും

سُبْحَانَ رَبِّيَ الْاَعْلٰي സുബ്ഹാന റബ്ബിയൽ അഅ്ലാ എന്ന് മൂന്ന് പ്രാവശ്യം ചൊല്ലേണ്ടതാണ്. ഇതോടുകൂടി ഒരു റക്അത്ത് പൂർത്തിയായി.



ഇനി രണ്ടാമത്തെ റക്അത്തിനായി സുജൂദിൽ നിന്ന് **അല്ലാഹു അക്ബർ** എന്ന് പറഞ്ഞു കൊണ്ട് കൈ കെട്ടി നേരെ എഴുന്നേറ്റ് നില്ക്കുക.

എന്നിട്ട് ആദ്യത്തെ റക്അത്തിൽ ചെയ്തതു പോലെ തന്നെ ചെയ്യുക. രണ്ടാമത്തെ റക്അത്തിൽ രണ്ടാമത്തെ സുജൂദിനുശേഷം അത്തഹിയ്യാത്തിൽ ഇരിക്കുക. ഇതിനെ **തശ്ശഹ്ഹുദ്** എന്നുപറയുന്നു. വലത്തെ കാൽവിരലുകൾ ഖിബ്ലയുടെ നേരെ വരത്തക്ക വണ്ണം കുത്തിവെയ്ക്കുകയും ഇടത്തേ കാൽ കിടത്തി വെച്ച് അതിന്മേൽ ഇരിക്കുകയും ചെയ്യുക. തദനന്തരം ഇപ്രകാരം ദുആ ചെയ്യുക.





اَلتَّحِيَّاتُ لِلّٰهِ وَالصَّلَوٰتُ وَالطَّيِّبَاتُ اَلسَّلَامُ عَلَيْكَ اَيُّهَا النَّبِيُّ وَرَحْمَةُ اللّٰهِ وَبَرَكَاتُهُ اَلسَّلَامُ عَلَيْنَا وَعَلٰى عِبَادِ اللّٰهِ الصّٰلِحِيْنَ

**അത്തഹിയ്യാത്തു ലില്ലാഹി വസ്സ്വലവാത്തു വത്വയ്യിബാത്തു**
**അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു വറഹ്മത്തുള്ളാഹി വബറക്കാത്തുഹു**
**അസ്സലാമു അലൈനാ വഅലാ ഇബദില്ലാഹി സ്വാലിഹീൻ**

ഇതിനുശേഷം **തശഹ്ഹുദ്** ചൊല്ലേണ്ടതാണ്.



اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

**അശ്ഹദു അൻ ലാ ഇലാഹ ഇല്ലള്ളാഹു വഅശ്ഹദു**
**അന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു.**

**അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു** എന്ന് പറയുമ്പോൾ വലതുകൈയ്യിലെ ചൂണ്ട് വിരൽ ഉയർത്തുക.

തശഹ്ഹുദിനു ശേഷം സ്വലാത്ത് ചൊല്ലുക.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَعَلٰى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلٰى اِبْرَاهِيمَ وَعَلٰى آلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَعَلٰى آلِ مُحَمَّدٍ كَمَا بَارَكْتَ عَلٰى اِبْرَاهِيْمَ وَعَلٰى آلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ

**അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലിമുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻ മജീദ്. അല്ലാഹുമ്മ ബാരിക്ക് അലാ മുഹമ്മദിൻ വ അലാ ആലിമുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻ മജീദ്**

അതിന് ശേഷം ഖുർആനിലോ ഹദീസിലോ ഉള്ള ഏതെങ്കിലുമൊരു ദുആ ചൊല്ലുക.

رَبَّنَاآتِنَافِى الدُّنْيَاحَسَنَةًوَّ فِى الْآخِرَةِ حَسَنَةًوَّ قِنَاعَذَابَ النَّارِ

റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻ വഖിനാ അദാബന്നാർ

رَبِّ اجْعَلْنِى مُقِيمَ الصَّلٰوةِ وَمِنْ ذُرِّيَّتِى رَبَّنَاوَتَقَبَّلْ دُعَاءِ۔
رَبَّنَا اغْفِرْلِى وَلِوَالِدَىَّ وَلِلْمُؤْمِنِيْنَ يَوْمَ يَقُوْمُ الْحِسَابُ

റബ്ബിജ്അൽനീ മുഖീമസ്വലാത്തി വമിൻദുറിയ്യത്തി റബ്ബനാ വതഖബ്ബൽ ദുആഅ്.
റബ്ബനഗ്ഫിർലീ വലി വാലിദയ്യ വലിൽ മുഅ്മിനീന യൗമ യക്വൂമുൽ ഹിസാബ്




ദുആക്കു ശേഷം അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ് (സമാധാനവും, അല്ലഹുവിന്റെ കാരുണ്യവും നിങ്ങളിൽ ഉണ്ടാവട്ടെ) എന്ന് പറഞ്ഞു കൊണ്ട് വലതു ഭാഗത്തേക്ക് മുഖം തിരിക്കുക. അതുപോലെ ഇടതുഭാഗത്തേക്കും ചെയ്യുക.



രണ്ട് റക് അത്തുള്ള നമസ്കാരമാണെങ്കിൽ നമസ്കാരം ഇവിടെ അവസാനിക്കുന്നു. എന്നാൽ, മൂന്നോ നാലോ റക്അത്തുള്ള നമസ്കാരമാണെങ്കിൽ തശഹ്ഹുദിനു ശേഷം അല്ലാഹു അക്ബർ എന്ന് ചെല്ലിക്കൊണ്ട് എഴുന്നേറ്റു നിന്ന് ബാക്കി റക്അത്തുകൾ പൂർത്തിയാക്കേണ്ടതാണ്.

പാഠം ആറ്

# കഅ്ബ നമ്മുടെ ഖിബ്‌ല



അല്ലാഹുവിനെ ആരാധിക്കുന്നതിനായി ലോകത്ത് ആദ്യമായി നിർമ്മിച്ച ഭവനമാണ് കഅ്ബ. അറേബ്യയിലെ മക്കയിലാണ് ഇത് സ്ഥിതിചെയ്യുന്നത്. ലോകത്തുള്ള എല്ലാ മുസ്‌ലീങ്ങളും, നമസ്ക്കാര സമയത്ത് കഅ്ബയെ ലക്ഷ്യമാക്കിക്കൊണ്ട് ആ ദിശയിലേക്ക് അഭിമുഖമായി നില്ക്കണമെന്ന് അല്ലാഹു കല്പ്പിച്ചിരിക്കുന്നു. ഇത് മുഖേന ലോകത്തുള്ള എല്ലാ മുസ്‌ലീങ്ങളുടെയും ലക്ഷ്യം ഒന്നായിരിക്കണമെന്ന് അത് മനസ്സിലാക്കിത്തരുന്നു, അതുപോലെ നമ്മുടെ സാമുദായികപരമായ ഏകീകരണ ഭാവത്തേയും അത് പ്രകടമാക്കുന്നു. അതുകൊണ്ടാണ് നമസ്ക്കരിക്കുമ്പോൾ കഅ്ബയെ ലക്ഷ്യമാക്കി നാം മുഖം തിരിച്ച് നില്ക്കുന്നത്. അതിനാൽ നമ്മുടെ ഖിബ്‌ല കഅ്ബയാകുന്നു.

## പ്രവർത്തനങ്ങൾ

### പൂരിപ്പിക്കുക

1. അല്ലാഹുവിനെ ആരാധിക്കുന്നതിനായി ലോകത്ത് ആദ്യമായി നിയർമ്മിച്ച ഭവനം .................... ആകുന്നു.

   ..........................................................

2. നമ്മുടെ .................................. കഅ്ബയാകുന്നു.

   ............................................................

### ചുരുക്കി വിവരിക്കുക

കഅ്ബയെ ലക്ഷ്യമാക്കിക്കൊണ്ട് നാം നമസ്കരിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണ്?

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

### ദിശ നിർണ്ണയിക്കാമോ?

കഅ്ബ ഏതു ദിശയിലാണ് സ്ഥിതി ചെയ്യുന്നത്?

.............................................................................................................................

.............................................................................................................................

**പാഠം ഏഴ്**

# ഹദീസ് പഠനം

## നിർദ്ദേശങ്ങൾ

താഴെ പറയുന്ന ഹദീസുകൾ മന:പാഠമാക്കുക. ഇതിന്റെ അർത്ഥവും വ്യാഖ്യാനവും ലളിതമായ ഭാഷയിൽ കുട്ടികൾക്ക് പറഞ്ഞ് കൊടുക്കേണ്ടതാണ്.

| | |
|---|---|
| 1. ഒരു മുസ്‌ലിം ചീത്ത പറയുന്നത് വലിയ പാപമാകുന്നു. | سِبَابُ الْمُسْلِمِ فُسُوقٌ |
| 2. കരുണ കാണിക്കാത്തവനിൽ കരുണ ചെയ്യപ്പെടുന്നതല്ല. | مَنْ لَا يَرْحَمْ لَا يُرْحَمْ |
| 3. കോപത്തെ നിയന്ത്രിക്കുക | اِجْتَنِبُوا الْغَضَبَ |
| 4. സംസാരത്തിന് മുമ്പേ സലാം പറയേണ്ടതാണ്. | اَلسَّلَامُ قَبْلَ الْكَلَامِ |
| 5. നിങ്ങളുടെ സക്കാത്ത് കൊടുത്തുവീട്ടുക | اَدُّوا زَكٰوتَكُمْ |

**ഹദീസുകൾ ഓരോന്നും മനഃപാഠമാക്കുകയും എഴുതുകയും ചെയ്യുക.**

## പാഠം എട്ട്

# അല്ലാഹുവിന്റെ ഗുണനാമങ്ങൾ

ഈലോകത്ത് സംഭവിക്കുന്നതെല്ലാം അല്ലാഹുവിന്റെ അറിവോടെയാണ്. അവൻ അറിയാതെ ഒന്നും ഇവിടെ സംഭവിക്കുന്നില്ല. അവന്റെ ഉദ്ദേശ്യമാണ് ലോകത്ത് നടമാടുന്നത്. അതിന് ആരുടെയും സഹായം അവന് ആവശ്യമില്ല. നമ്മുക്ക് എപ്പോഴും അവന്റെ സഹായം കൂടിയേ തീരൂ. അവൻ അളവറ്റ കാരുണ്യവാനും, ദയാലുവുമാകുന്നു. അവന്റെ സഹായത്തിനു വേണ്ടി, അവന്റെ അനുഗ്രഹങ്ങൾക്കുവേണ്ടി നാം അവനോട് എപ്പോഴും പ്രാർത്ഥിക്കണം. ദുആയിലൂടെ മാത്രമെ അവനെ പ്രാപിക്കാൻ കഴിയുകയുള്ളൂ. ദുആ ചെയ്യാത്തവൻ നിർഭാഗ്യവാനാകുന്നു. നല്ലവണ്ണം പഠിക്കാനും പഠിച്ചത് ഓർമ്മയിലിരിക്കാനും ആവശ്യമുള്ളപ്പോൾ അത് ഉപയോഗിക്കാനും വേണ്ടി അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കണം. ദുആ ശീലമാക്കുന്നവൻ വളരെ സൗഭാഗ്യവാനാകുന്നു.

നല്ലഐശ്വര്യവും സമാധാനവും ഉള്ള കാലത്ത്നാം ദുആ ചെയ്തുകൊണ്ടിരിക്കണം. അപ്പോൾ അല്ലാഹു ആപത്തുകാലത്ത് നമ്മെ പരിഗണിക്കുന്നു. അല്ലാതെ ആപത്തുവരുമ്പോൾ മാത്രം അല്ലാഹുവിലേക്ക് തിരിയുന്ന രീതി യഥാർത്ഥ വിശ്വാസിയുടെ സ്വഭാവമല്ല. നമ്മുടെ ജീവിതത്തിൽ എന്തൊക്കെ ആവശ്യങ്ങൾ ഉണ്ടോ അതെല്ലാം നാം അല്ലാഹുവിനോട് ചോദിക്കണം. ദുആ അതിനുള്ള അവസരം പ്രധാനം ചെയ്യുന്നു. എങ്ങനെയാണ് ദുആചെയ്യേണ്ടതെന്ന് അവൻതന്നെ നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. ആ രീതിഎന്നുപറയുന്നത് അവന്റെ ഗുണവിശേഷങ്ങളായ നല്ലനാമങ്ങളെ അവലംബമാക്കിക്കൊണ്ട് അവനോട് ദുആ ചെയ്യുക എന്നതാണ്.

അല്ലാഹുവിന് ഏകദേശം 99 ഗുണനാമങ്ങളുണ്ട്. ഇതിനെ **അസ്മാഉൽ ഹുസ്ന** എന്നുപറയുന്നു. അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളുടെ

ശക്തിപ്രഭാവങ്ങൾ പ്രകടമാകുന്നത് അവന്റെ ഈ പേരുകളിലൂടെയാണ്. ഈ ഗുണനാമങ്ങളെ പറ്റിചിന്തിച്ച് അവയെ മദ്ധ്യസ്ഥമാക്കികൊണ്ട് ദുആ ചെയ്താൽ ആ ദുആ സ്വീകരിക്കപ്പെടു മെന്ന് നബി(സ) നമ്മെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. അതിനാൽ നാം അല്ലാഹുവിന്റെ ഗുണനാമങ്ങളെപറ്റി പഠിക്കുകയും അതിന്റെ വ്യാപ്തിയിലേക്ക് ഇറങ്ങി ചിന്തിക്കേണ്ടതുമാണ്. ഈ വർഷം നാല് ഗുണനാമങ്ങളെ പറ്റിയാണ് പഠിക്കാനുള്ളത്. ഇവ സൂറഫാത്തിഹയിൽ വന്നിട്ടുള്ളതാണ്. ബാക്കി ഗുണനാമങ്ങൾ വരും വർഷങ്ങളിൽ പഠിക്കുന്നതാണ്. (ഇൻശാഅല്ലാഹ്).

**അല്ലാഹു : സ്വന്തമായ പേര് (എല്ലാ ഗുണങ്ങളുടെയും സമാഹാരമാണിത്. എല്ലാവിധ ന്യൂനതകളിൽ നിന്നും പരിശുദ്ധനാകുന്നു.)**

### 1. റബ്ബ്

(റബ്ബുൽ ആലമീൻ–അഖിലലോകങ്ങളേയും പരിപാലിക്കുന്നവൻ.) അതായത് അല്ലാഹ സർവ്വ വസ്തുക്കളുടേയും വളർച്ചയ്ക്ക് ആവശ്യമായ സർവ്വതും അനുയോജ്യമായ രീതിയിൽ ചെയ്തു കൊടുത്തു വളർത്തി കൊണ്ട് വരുന്നവൻ.

### 2. അർറഹ്മാൻ

പരമകാരുണികൻ: യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ പൊതുവായി കരുണചെയ്യപ്പെടുന്നവൻ. അവനെ അനുസരിച്ചാലും ഇല്ലെങ്കിലും ശരി അവൻ എല്ലാവർക്കും അവന്റെ ഔദാര്യത്തിൽ നിന്ന് നൽകിക്കൊണ്ടിരിക്കുന്നു. ഉദാ: മഴ, വായു, കാറ്റ്

### 3. അർ റഹീം

കരുണാമയൻ: നിരന്തരം കരുണചെയ്യുന്നവൻ അതായത് അവനെ അനുസരിക്കുന്നവർക്ക്, അവനെ പരിപൂർണ്ണമായി വഴിപ്പെടുന്ന ഭക്തൻമാർക്ക് അവൻതന്റെ പ്രത്യേകമായ അനുഗ്രഹങ്ങൾ നൽകുന്നു.

### 4 മാലിക് യൗമിദ്ദീൻ

രക്ഷാ, ശിക്ഷാ നാളിന്റെ അധിപൻ: എല്ലാവസ്തുക്കളുടേയും ഉടമസ്ഥൻ അവനാകുന്നു. തെറ്റിന് ശിക്ഷനൽകുകയും നൻമയ്ക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നു.

# പ്രവർത്തനങ്ങൾ

**പൂരിപ്പിക്കുക**

1. പ്രാർത്ഥനകൾ കേൾക്കുന്നവൻ..........................ആകുന്നു.

   ..........................................................................................

2. അല്ലാഹു ...............................യോടുകൂടി നമ്മളോട് പെരുമാറുന്നു.

   ..........................................................................................

3. അല്ലാഹുവിന്........................................ഗുണനാമങ്ങൾ ഉണ്ട്.

   ..........................................................................................

4. സൂറ ഫാത്തിഹയിൽ.....................ഗുണനാമങ്ങളെപറ്റി പറയുന്നു.

   ..........................................................................................

**ഒറ്റവാക്കിൽ ഉത്തരമെഴുതുക**

1. അല്ലാഹവിന്റെ ഗുണനാമങ്ങൾ ഏത് പേരിലാണ് അറിയപ്പെടുന്നത്?

   ..........................................................................................

2. നമ്മുടെ പ്രാർത്ഥനകൾ കേൾക്കുന്നവൻ ആരാണ്?

   ..........................................................................................

3. അല്ലാഹുവിന് എത്ര ഗുണനാമങ്ങൾ ഉണ്ട്?

   ..........................................................................................

## ചുരുക്കിയെഴുതുക

1. നാം അല്ലാഹുവിനെ എപ്രകാരമാണ് ആരാധിക്കേണ്ടത്?

...................................................................................................................

...................................................................................................................

...................................................................................................................

...................................................................................................................

...................................................................................................................

2. ദുആ ചെയ്യുന്നതിനെ കുറിച്ച് നിങ്ങൾ ഗ്രഹിച്ചകാര്യം ചുരുക്കി എഴുതുക.

...................................................................................................................

...................................................................................................................


...................................................................................................................

...................................................................................................................

...................................................................................................................

**അല്ലാഹുവിന്റെ അസ്തിത്വം കുട്ടികളിൽ രൂഢമൂലമാകുന്ന രീതിയിൽ അവന്റെ ഗുണനാമങ്ങളെ കുറിച്ച് വിശദീകരിച്ച് പറഞ്ഞുകൊടുക്കണം.**

## പദസൂര്യൻ




## ഓർത്തെഴുതുക

1. അറിവിനു വേണ്ടിയുള്ള ദുആ എഴുതുക?

...................................................................................................................

...................................................................................................................

## പാഠം ഒൻപത്

## സത്യസന്ധത

സൽസ്വഭാവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സത്യം പറയുക എന്നത്. സത്യം പറയുന്നവരെ എല്ലാവരും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. എല്ലാസൽസ്വഭാവങ്ങളുടേയും അടിത്തറ സത്യസന്ധതയാണ്. തിൻമകൾ ചെയ്യുന്നവരുടെ ആയുധമാണ് കളവ്. തെറ്റുകൾ ചെയ്യുന്നവൻ അത് മറച്ചു വെക്കുന്നതിനായി കളവിനെ ആയുധമാക്കുന്നു. അങ്ങനെ കൂടുതൽ കളവ് പറയുന്നു. അല്ലാഹു പറയുന്നു. **വജ്തനിബൂഖൗലസ്സൂറി** നിങ്ങൾ കളവ് പറയുന്നതിൽനിന്ന് വിട്ടുനില്ക്കുക (ഹജ്ജ് – 31) അതിനാൽ നാം ചെറുപ്പത്തിൽത്തന്നെ സത്യം പറയുന്ന ശീലം വളർത്തിയെടുക്കണം. സത്യം പറയുമ്പോൾ ചിലപ്പോൾ നമുക്ക് ചിലവിഷമങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട് പക്ഷേ, ആ വിഷമങ്ങളെ അവഗണിച്ചുകൊണ്ട് സത്യത്തിൽ നിലയുറപ്പിച്ചുനിന്നാൽ അല്ലാഹുവിന്റെ സ്നേഹവും സാമിപ്യവും അനുഗ്രഹവും കിട്ടുന്നു.കൂടാതെ അവൻ നമ്മളെ പാഴാക്കികളയു കയുമില്ല. അതുകൊണ്ട് എല്ലാ കർമ്മങ്ങളിലും സത്യമേ പറയാവൂ. കാര്യങ്ങൾ സത്യം സത്യമായിത്തന്നെ പറയണം. നടന്ന സംഭവങ്ങൾ പറയുമ്പോൾ മറ്റൊരു വിധത്തിലായിപ്പോവരുത്. അതുപോലെ സംസാരിക്കമ്പോൾ നേർക്കു നേരെ ചൊവ്വായരീതിയിൽ സംസാരിക്കണം. അല്പം പോലും വക്രത ഉണ്ടാവരുത്. മാതാപിതാക്കളോടും ഗുരുനാഥൻമാരോടും കൂട്ടുകാരോടും അങ്ങനെ എല്ലാവരോടും സത്യമേ പറയാവൂ. നാം ചെയ്യുന്ന കർമ്മങ്ങൾ അല്ലാഹു സ്വീകരിക്കണമെങ്കിൽ കളവിന്റെ അംശം അല്പം പോലും അതിൽ ഉണ്ടാകാൻ പാടില്ല.

ഒരിക്കൽ ഒരാൾ നബി(സ)യുടെ അടുക്കൽ വന്നു. അയാൾ വളരെയധികം തെറ്റുകൾ ചെയ്യുന്നആളായിരുന്നു. നബി (സ) യോട് അയാൾ പറഞ്ഞു.

എനിക്ക് തെറ്റുകളിൽനിന്ന് മോചനം നേടാനായി എന്തെങ്കിലും

ഒരുപദേശം പറഞ്ഞുതരണം.

നബി (സ) പറഞ്ഞു, സാധിക്കുമെങ്കിൽ നീ കളവ് പറയാതിരിക്കുക.

ഇത്രചെറിയ ഉപദേശം, കളവ് പറയരുത്, അത് മാത്രം മതിയല്ലോ,

ഇത്ര നിസാരമായ കാര്യം

ഇങ്ങനെ അയാൾ മനസ്സിൽ കരുതിക്കൊണ്ട്, നബി(സ)യോട് പറഞ്ഞു,

ഒരിക്കലും കളവ് പറയുകയില്ലെന്ന് ഞാൻ താങ്കളോട് കരാർ ചെയ്യുന്നു.

അതിനു ശേഷം, അയാൾ അവിടെ നിന്നു വീട്ടിലേക്കു മടങ്ങി. രാത്രിയായപ്പോൾ മോഷണം നടത്താൻ അയാളുടെ മനസ്സ് മന്ത്രിച്ചു.

അപ്പോൾ അയാൾ ചിന്തിച്ചു. കഴിഞ്ഞ രാത്രി നീ എന്തുചെയ്തുവെന്ന് നാളെ നബി(സ) എന്നോട് ചോദിച്ചാൽ ഞാൻ എന്തുമറുപടി പറയും.

നുണപറഞ്ഞ് ഒഴിയാൻ കഴിയില്ല. നബി (സ) യോട് കളവ് പറയില്ലെന്ന് കരാർ ചെയ്തിരിക്കുന്നു.

ഇനി സത്യം പറഞ്ഞാൽ കള്ളൻ ആരാണെന്ന് എല്ലാവരും അറിയും. ശിക്ഷയും കിട്ടും.

അങ്ങനെ ചിന്തിച്ച് അയാൾ മോഷണത്തിൽ നിന്ന് പിൻമാറി. അങ്ങനെ, തെറ്റുകൾ ചെയ്യാൻ ഉദ്ദേശിക്കുമ്പോഴെല്ലാം നബി(സ)യോട് ചെയ്ത കരാർ അയാൾക്ക് ഓർമ്മവരികയും അതിൽനിന്ന് പിൻമാറുകയും ചെയ്യും.

അപ്രകാരം പതുക്കെ പതുക്കെ സത്യം കാരണമായി അയാൾ എല്ലാതെറ്റുകളിൽ നിന്നും മോചിതനായി.

**നാം പഠിച്ചത്**

1. ജീവിതത്തിൽ എപ്പോഴും സത്യമേ പറയാവൂ.
2. നമ്മുടെ പ്രവൃത്തിയിൽ കളവിന്റെ അംശം ഉണ്ടാകാൻ പാടില്ല.
3. സത്യം പറയുന്നവരെ അല്ലാഹുവും, ജനങ്ങളും ആദരിക്കുന്നു.

## പ്രവർത്തനങ്ങൾ

**ഉത്തരമെഴുതുക**

1. ഏറ്റവും പ്രധാനപ്പെട്ട സ്വഭാവഗുണം ഏത്?.

   ......................................................................................................

2. സത്യം പറഞ്ഞാൽ ലഭിക്കുന്ന അനുഗ്രഹങ്ങളെന്തൊക്കെയാണ് ?

   ......................................................................................................

   ......................................................................................................

3. സൽസ്വഭാവത്തിന്റെ അടിത്തറ എതാണ്.

   ......................................................................................................

   ......................................................................................................

**വിവരിക്കുക**

4. നബി (സ) യോട് കളവ് പറയില്ലെന്ന് കരാർ ചെയ്ത ആൾ നല്ലവനായി തീർന്നതെങ്ങനെ?

   ......................................................................................................

   ......................................................................................................

   ......................................................................................................

   ......................................................................................................

**പൂരിപ്പിക്കുക.**

1. തെറ്റുചെയ്യുന്നവൻ.........................................................ആകുന്നു
2. സൽസ്വഭാവങ്ങളുടെ അടിത്തറ...................................ആകുന്നു.
3. ........................................പറയുന്നതിൽ ചിലപ്പോൾ വിഷമങ്ങൾ ഉണ്ടാകാൻ സധ്യതയുണ്ട്
4 കർമ്മങ്ങൾ ......................... സീകരിക്കണമെങ്കിൽ അതിൽ ................ ഉണ്ടാകരുത്.

പാഠം പത്ത്

# അത്ഫാലുൽ അഹ്മദിയ്യ, നാസിറാത്തുൽ അഹ്മദിയ്യ

**കു**ട്ടികളുടെ ആത്മീയവും, ഭൗതികവുമായ കഴിവുകളെ വളർത്തിയെടുക്കുന്നതിനുവേണ്ടിയാണ് ഈ രണ്ട് സംഘടനകൾക്ക് രൂപം നല്കിയിട്ടുള്ളത്. 7 വയസുമുതൽ 15 വയസുവരെയുള്ള ആൺകുട്ടികൾ അത്ഫാലുൽ അഹ്മദിയ്യായിലും, പെൺ കുട്ടികൾ നാസിറാത്തുൽ അഹ്മദിയ്യായിലും അംഗങ്ങളായിരിക്കേണ്ടത് നിർബന്ധമാണ്. പുതിയ തലമുറയെ ജമാഅത്തിനും സമൂഹത്തിനും പ്രയോജനകരമായ രീതിയിൽ വളർത്തിയെടുക്കുന്നതിനുതകുന്ന കർമ്മ പരിപാടികളാണ് ഈ പോഷക സംഘടനകളുടെ കീഴിൽ ചെയ്തുകൊണ്ടിരിക്കുന്നത്.

സാമൂഹികപരമായി പ്രചരിച്ചുകൊണ്ടിരിക്കുന്ന തിൻമകളുടെ കാറ്റേല്ക്കാതെ, ഇസ്ലാമിക സംസ്കാരത്തിൽത്തന്നെ അടിയുറച്ച് നിറുത്തുന്നതിനുള്ള ഒരുകോട്ടയാണിത്. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ കീഴിലാണ് അത്ഫാലുൽ അഹ്മദിയ്യ പ്രവർത്തിക്കുന്നത്. ലജ്നാ ഇമായില്ലായുടെ കീഴിലാണ് നാസിറാത്തുൽ അഹ്മദിയ്യാ പ്രവർത്തിക്കുന്നത്. എല്ലാമാസവും യോഗം ചേരുകയും അതിൽ വെച്ച് നടത്തപ്പെടുന്ന വിജ്ഞാനപ്രദങ്ങളായ പരിപാടികളിൽ പങ്കെടുക്കേണ്ടതുമാണ്.

## ധനത്യാഗം

ചെറുപ്പത്തിൽത്തന്നെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനത്യാഗം ചെയ്യാനുള്ള മനോഗതി വളർത്തിയെടുക്കുന്നതിനായി എല്ലാ മാസവും ചന്ദ: വരിസംഖ്യ നല്കേണ്ടതാണ്. വളരെ കുറഞ്ഞതുകയാണ് ഇതിനായി നിശ്ചയിച്ചിട്ടുള്ളത്. ഇസ്ലാമിക പ്രചാരണത്തിനായി തയ്യാർ ചെയ്തുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനു വേണ്ടി ധാരാളം ധനം ആവശ്യമുണ്ട്. അതുകൊണ്ട് നമ്മുടെ

ആവശ്യങ്ങൾക്കായി മാതാപിതാക്കൾ തരുന്ന ധനത്തിൽ നിന്ന് മിച്ചം വെച്ച് കൃത്യമായി ചന്ദ:നല്കുന്ന ശീലം വളർത്തിയെടുക്കേണ്ടതാണ്. ജമാഅത്തിന്റെ എല്ലാതരത്തിലുള്ള സാമ്പത്തിക പദ്ധതികളിലും നാം ഭാഗഭാക്കാകേണ്ടത് നിർബന്ധമാണ്. ഇതുമുഖേന അല്ലാഹുവിന്റെ ഒരു പാട് അനുഗ്രഹങ്ങൾക്ക് ചെറുപ്പത്തിൽത്തന്നെ നമുക്ക് അവകാശിക ളായിത്തീരാൻ സാധിക്കുന്നതാണ്.

നമ്മുടെ സവിശേഷ സ്വഭാവമായിത്തീരേണ്ടതും ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതുമായ ചില ഗുണങ്ങൾ താഴെ കൊടുക്കുന്നു. ഇവ എല്ലാ മാസവും കേന്ദ്രത്തിലേക്കയക്കുന്ന റിപ്പോർട്ട് ഫോമിൽ രേഖപ്പെടുത്തേണ്ടതുമാണ്.

1. **നമസ്കാരം അഞ്ചുനേരം കൃത്യമായി അനുഷ്ഠിക്കുക.**
2. **നിത്യവും രണ്ടുനേരം ഖുർആൻ പാരായണം ചെയ്യുക.**
3. **സത്യം മാത്രമേ പറയാവൂ.**
4. **മാതാപിതാക്കളെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.**
5. **മറ്റുള്ളവരോട് സഹാനുഭൂതിയോടെ പെരുമാറുക.**
6. **എല്ലാമസവും നടക്കുന്ന മാസാന്തരയോഗത്തിൽ കൃത്യമായും പങ്കെടുക്കുക.**
7. **പാവപ്പെട്ടവരേയും ആവശ്യക്കാരേയും സഹായിക്കുക.**
8. **പരസ്പരം ശണ്ഠ കൂടരുത്.**
9. **വിശക്കുന്നവർക്ക് ആഹാരം നല്കുക.**

1938 ൽ അത്ഫാലുൽ അഹ്മദിയ്യാക്കും 1939 ഫെബ്രുവരിയിൽ നാസിറാത്തുൽ അഹ്മദിയ്യാക്കും ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) രൂപംനൽകി.

**യോഗങ്ങളിൽ ചൊല്ലേണ്ട പ്രതിജ്ഞാ വാചകങ്ങൾ താഴെ കൊടുക്കുന്നു.**

## അത്ഫാലിന്റെ പ്രതിജ്ഞ

**وعدہ طفل**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ
وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَ رَسُوْلُهُ

ഇത് മൂന്ന് പ്രാവശ്യം ചൊല്ലേണ്ടതാണ്

ഇസ്ലാം മതത്തന്റെയും അഹ്മദിയ്യത്തിന്റെയും സമുദായത്തിന്റെയും നാടിന്റെയും സേവനത്തിനായി ഞാൻ സദാ തയ്യാറായിരിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. എപ്പോഴും സത്യം മാത്രമേ പറയുകയുള്ളൂ. ആരെയും ചീത്ത പറയുകയില്ല. ഖലീഫത്തുൽ മസീഹിന്റെ എല്ലാ ഉപദേശങ്ങളും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതാണ്. ഇൻശാ അല്ലാ.

میں وعدہ کرتا ہوں کہ دینِ اسلام اور احمدیت، قوم اور وطن کی خدمت کیلئے ہر دم تیار رہوں گا ۔ ہمیشہ سچ بولوں گا، کسی کو گالی نہیں دوں گا اور حضرت خلیفۃ المسیح کی تمام نصیحتوں پر عمل کرنے کی کوشش کروں گا (انشاءاللہ تعالیٰ)

മൈ വഅ്ദാ കർതാ ഹൂം, കെ ദീനെ ഇസ്ലാം, ഔർ അഹ്മദിയ്യത്ത്, ഖൗം ഔർ വത്വൻ കീ ഖിദ്മത്ത് കേലിയേ ഹർദം തയ്യാർ റഹൂംഗാ. ഹമേശാ: സച്ച് ബോലൂംഗാ. കിസീകോ ഗാലി നഹീം ദൂംഗാ. ഔർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് കീ തമാം നസീഹത്തോം പർ അമൽ കർനേ കീ കോശിശ് കരൂംഗാ

## നാസിറാത്തിന്റെ പ്രതിജ്ഞ

**وعدہ ناصرات**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ
وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

ഇത് മൂന്ന് പ്രാവശ്യം ചൊല്ലേണ്ടതാണ്

എന്റെ മതത്തിന്റെയും സമുദായത്തിന്റെയും നാടിന്റെയും സേവനത്തിനായി ഞാൻ എപ്പോഴും സന്നദ്ധയായിരിക്കുമെന്ന് ഏറ്റ് പറഞ്ഞുകൊള്ളുന്നു. ഞാൻ സദാ സത്യത്തിൽ അടിയുറച്ചുനില്ക്കുന്നതാണ്. അഹ്മദിയ്യ ഖിലാഫത്തിനെ നിലനിർത്തുവാനായി ഏത് വിധ ത്യാഗവും അർപ്പിക്കാൻ ഞാൻ സന്നദ്ധയായിരക്കും. ഇൻശാ അല്ലാ.

میں اقرار کرتی ہوں کہ اپنے مذہب، قوم اور وطن کی خدمت کیلئے ہر وقت
تیار رہوں گی نیز سچائی پر ہمیشہ قائم رہوں گی اور خلافتِ احمدیہ کے قائم رکھنے کے
کیلئے ہر قربانی دینے کیلئے تیار رہوں گی۔ (انشاءاللہ تعالیٰ)

മേ ഇഖ്റാർ കർത്തീ ഹൂം, കെ അപ്നേ മദ്ഹബ്, ഖൗം, ഔർ വത്വൻ കി, ഖിദ്മത് കേലിയേ, ഹർ വഖ്ത് തയ്യാർ രഹൂംഗീ. നീസ്, സച്ചായി പർ, ഹമേശാ ഖായീം രഹൂംഗീ. ഔർ ഖിലാഫത്തെ അഹ്മദിയ്യാ കേ, ഖാഇം റഖ്നെ കേലിയേ, ഹർ ഖുർബാനി ദേനേ കേലിയേ തയ്യാർ രഹൂംഗീ. ഇൻശാ അല്ലാഹ്

## നിർദ്ദേശങ്ങൾ

1. സംഘടനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചും അച്ചടക്കത്തെക്കുറിച്ചും കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കേണ്ടതാണ്.

## പ്രവർത്തനങ്ങൾ

### പൂരിപ്പിക്കുക

1. അത്ഫാലുൽ അഹ്മദിയ്യ സ്ഥാപിച്ചത് ......................... വർഷത്തിലാണ്.

   ......................................................................................................

2. നാസിറാത്തുൽ അഹ്മദിയ്യ സ്ഥാപിച്ചത് ....................... വർഷത്തിലാണ്.

   ......................................................................................................

3. അത്ഫാലുൽ അഹ്മദിയ്യ, നാസിറാത്തുൽ അഹ്മദിയ്യ എന്നിവയ്ക്ക് രൂപം നൽകിയത് .................... ആകുന്നു.

   ..........................................................................................................

### ചുരുക്കി എഴുതുക

1. ചന്ദ: നല്കുന്നതിന്റെ ഉദ്ദേശ്യം എന്താണ്.

   ..........................................................................................................

   ..........................................................................................................

   ......................................................................................................

### ഉത്തരമെഴുതുക

1. നിങ്ങൾ നല്കേണ്ട ഒരു മാസത്തെ ചന്ദ: എത്രയാകുന്നു?

   ......................................................................................................

### സംഭവം വിവരിക്കുക

1. നിങ്ങളുടെ ജീവിതത്തിൽ പാവപ്പെട്ടവരേയും ആവശ്യക്കാരേയും സഹായിച്ച ഏതെങ്കിലും സംഭവം ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് ചുരുക്കി എഴുതുക.

   ..........................................................................................................

   ..........................................................................................................

   ..........................................................................................................

   ..........................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..........................................................................................................

**തയ്യാറാക്കുക**

1. മാസത്തിൽ നടക്കുന്ന നിങ്ങളുടെ മാസന്തര യോഗത്തിലെ കാര്യ പരിപാടി തയ്യാറാക്കുക.

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

പാഠം പതിനൊന്ന് **മര്യാദകൾ**

## 1. നമസ്കാരത്തിന്റെ മര്യാദകൾ

1. വുളു ചെയ്ത് നമസ്കരിക്കുവാനായി പോകുമ്പോൾ, സാവകാശത്തോടും ഒതുക്കത്തോടും പോകേണ്ടതാണ്. ധിറുതിയിൽ ഓടിപ്പോയി നമസ്കാരത്തിൽ പങ്കെടുക്കരുത്.
2. നമസ്കാരത്തിനായി പോകുമ്പോൾ ഏതെല്ലാം നന്മകളുടെ ഉപഹാരമാണ് അല്ലാഹുവിന്റെ തിരുമുമ്പിൽ സമർപ്പിക്കാനുള്ളതെന്നും ഏതെല്ലാം പാപങ്ങളിൽ നിന്നാണ് തൗബാ ചെയ്യേണ്ടതെന്നും മനസ്സിൽ പരിചിന്തനം ചെയ്യേണ്ടതാണ്.
3. ഏകാഗ്രതയോടുകൂടി നമസ്കാരം നിർവ്വഹിക്കുന്ന തിനായി, നമസ്കാരത്തിനുമുമ്പേ പ്രാഥമിക ആവശ്യങ്ങൾ നിർവഹിച്ചു പോകേണ്ടതാണ്.
4. ജമാഅത്തോടുകൂടിയുള്ള നമസ്കാരത്തിന് സഫ്ഫ് (അണി) നേരെ ആയിരിക്കണം. വളഞ്ഞുപോകരുത്. അടുത്ത് നില്ക്കുന്നവരുടെ തോളോടുതോൾ ചേർന്നു നില്ക്കണം. അണിയിൽ വിടവുണ്ടായിരിക്കരുത്.
5. അണിപൂർത്തീകരിക്കുമ്പോൾ തന്റെ മുമ്പിലുള്ള സഫ്ഫിൽ വിടവും ഒഴിഞ്ഞ സ്ഥലവും കാണുകയാണെങ്കിൽ അവിടേക്ക് കയറി നില്ക്കേണ്ടതാണ്.
6. നമസ്കാരം ആരംഭിക്കുന്നതിന് മുമ്പേ നിയ്യത്ത് ചെയ്തുകൊണ്ട് **(വജ്ജഹ്ത്തു വജ്ഹിയ ലില്ലദീ ഫത്വറസ്സമാവാത്തി വൽ അർളഹനീഫൻ വ്വമാ അന മിനൽ മുശ്രിക്കീൻ)**എന്ന് ചൊല്ലേണ്ടതാണ്.

7. നമസ്കാരത്തിലുള്ള ഓരോ കർമ്മവും സാവധാനത്തിലും, ഒതുക്കത്തിലും, ചെയ്യേണ്ടതാണ്. വേഗവും ധിറുതിയും കാണിക്കരുത്.

8. നമസ്കാരത്തിലെ വാക്കുകൾ നിറുത്തി നിറുത്തി വളരെ ശ്രദ്ധയോടെ ചൊല്ലേണ്ടതാണ്. നമസ്കാരത്തിൽ ഉരുവിടുന്ന വാചകങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിക്കുക. കഴിയുന്നത്ര മറ്റു വിചാരങ്ങൾ ചിന്തയിൽ വരാതിരിക്കേണ്ടതാണ്.

9. അങ്ങുമിങ്ങും നോക്കുക, ആംഗ്യം കാണിക്കുക, സംസാരിക്കുക, സംസാരം കേൾക്കുക, അനാവശ്യ ചലനങ്ങൾ ഉണ്ടാക്കുക എന്നിവ നമസ്കാരത്തിൽ പാടില്ലാത്തതാണ്.

10. നമസ്കരിക്കുമ്പോൾ ഒന്നിനെയും ചാരിനില്ക്കരുത്. ഒരുകാലിൽ മാത്രം ഊന്നി നില്ക്കുവാനും പാടില്ലാത്തതാണ്.

11. ആലസ്യത്തോടും ഉദാസീനതയോടുംകൂടി നമസ്കാരം അനുഷ്ഠിക്കരുത്. ചുറുചുറുക്കും ശ്രദ്ധയും ഉണ്ടായിരിക്കണം.

12. ജമാഅത്തായി നമസ്കരിക്കുമ്പോൾ ഇമാമിന്റെ ചലനത്തിന് മുമ്പേ ഒരു ചലനവും പാടില്ലാത്തതാണ്. മറിച്ച് ഇമാമിനെ പൂർണ്ണമായും പിന്തുടരേണ്ടതാണ്.

13 നമസ്കാരം കഴിഞ്ഞയുടൻ എഴുന്നേറ്റോടരുത്. കുറച്ചുനേരം ഇരുന്ന് ദിക്റെ ഇലാഹി ചെയ്യേണ്ടതാണ്.

14. നമസ്കരിക്കുന്ന ആളിന്റെ അടുത്ത് ബഹളമുണ്ടാക്കാനോ ഉറക്കെ സംസാരിക്കാനോ പാടുള്ളതല്ല.

15. നമസ്കാരം നിശ്ചിത സമയത്തു തന്നെ അനുഷ്ഠിക്കേണ്ടതാണ്.

16. ജുമുഅ നമസ്കാരത്തിന് മുമ്പേ ഉള്ള ഖുത്വബ മൗനമായിരുന്ന് കേൾക്കണം. ആരെങ്കിലും സംസാരിക്കുന്നുവെങ്കിൽ മിണ്ടാതിരിക്കാൻ ആംഗ്യം കാണിക്കണം. ഖുത്ബ നടന്നുകൊണ്ടിരിക്കുമ്പോൾ കല്ലുകളോ കരടുകളോ എടുത്ത് കളിക്കരുത്. കാരണം ഖുത്ബ നമസ്കാരത്തിന്റെ തന്നെ ഭാഗമാകുന്നു.

## പ്രവർത്തനങ്ങൾ

### ചുരുക്കി എഴുതുക

1. നമസ്കാരത്തിന്റെ മര്യാദകൾ ചുരുക്കി എഴുതുക.

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

### ഉത്തരമെഴുതുക

നമസ്കാരത്തിന്റെ നിയ്യത്ത് എഴുതുക.

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

## 2. ഭക്ഷണം കഴിക്കുമ്പോളുള്ള മര്യാദകൾ

1. ഭക്ഷണം കഴിക്കുന്നതിന് മുമ്പേ കൈ നന്നായി കഴുകണം.

2. ഭക്ഷണം കഴിക്കുമ്പോൾ കറിയോ മറ്റോ വീണ് വസ്ത്രം മോശമാകാതിരിക്കാൻ ഉറുമാലോ മറ്റോ മടിയിൽ വിരി വെക്കേണ്ടതാണ്.

3. ഭക്ഷണത്തിന് മുമ്പേ ബിസ്മില്ലാഹി വഅലാ ബർകത്തില്ലാഹ് എന്ന് ചൊല്ലണം.

4. വലതുകൈകൊണ്ട് ഭക്ഷിക്കണം. കൈ മുഴുവനും ഭക്ഷണ ത്തിലിടരുത്.

5. ഭക്ഷണം ചെറിയ ഉരുളയാക്കി കഴിക്കണം. വായ അടച്ച് മെല്ലെ മെല്ലെ ചവയ്ക്കണം. ഭക്ഷണം കഴിക്കുമ്പോൾ ചവയ്ക്കുന്ന ശബ്ദ മുണ്ടാക്കരുത്.

6. ഭക്ഷണം വായിൽ ഇടുമ്പോൾ വായ അധികം തുറക്കരുത്.

7. പാത്രത്തിലേക്ക് ഭക്ഷണം ഇടുമ്പോൾ തന്റെ മുന്നിലുള്ളത് മാത്രം ഇടുക. തനിക്കിഷ്ടമുള്ള സാധനങ്ങൾ, അതായത് ഇറച്ചിക്കഷണം മുതലായവ തിരഞ്ഞെടുത്ത് തന്റെ പാത്രത്തിലിടരുത്.

8. ആദ്യം കുറച്ച് ഭക്ഷണം മാത്രം പാത്രത്തിലടണം. ആദ്യമേതന്നെ സ്വന്തം പാത്രത്തിൽ നിറച്ചിടരുത്. ആവശ്യാനുസരണം എടുക്കേണ്ട താണ്.

9. നിങ്ങൾക്ക് ഭക്ഷിക്കുവാൻ സാധിക്കുന്നത്ര മാത്രം പാത്രത്തിലിട്ടാൽ മതി. പ്ലേറ്റിൽ ഭക്ഷണം ബാക്കിവെച്ച് നശിപ്പിക്കാനായി ഇടരുത്. പ്ലേറ്റ് വൃത്തിയായിരിക്കണം.

10. ഭക്ഷണം കൊണ്ടുവന്ന പാത്രത്തിൽ ഭക്ഷണം പരിമിതമാണെങ്കിൽ മറ്റുള്ളവരെ പരിഗണിച്ച് തന്റെ പാത്രത്തിൽ കുറഞ്ഞ തോതിൽ ഭക്ഷണമിടണം.കുറഞ്ഞ തോതിൽ ഭക്ഷണമിടണം.

11. വയറ് നിറച്ച് കഴിക്കരുത്. ആവശ്യത്തിനനുസരിച്ച് കഴിക്കുക. വിശപ്പ് അല്പം ബാക്കിവെച്ചുകൊണ്ടായിരിക്കണം ഭക്ഷണം കഴിക്കൽ നിറുത്തേണ്ടത്.

12. പ്ലേറ്റിലേക്ക് വളരെ കുനിഞ്ഞിരുന്ന് ഭക്ഷണം കഴിക്കരുത്.

13. ഭക്ഷണം കഴിക്കുമ്പോൾ ടി സ്പൂൺ, കത്തി, മുള്ള് എന്നിവ ഉപോയോഗിക്കുകയാണെങ്കിൽ ശബ്ദമുണ്ടാക്കരുത്.

14. വെള്ളം കുടിക്കുമ്പോൾ ഒറ്റ ശ്വാസത്തിൽ കുടിക്കാതെ രണ്ട് മൂന്ന് തവണയായി കുടിക്കണം. ഭക്ഷണം കഴിച്ച് തീർന്നാൽ ഉച്ചത്തിൽ ഏമ്പക്കം ഇടരുത്.

15. ഭക്ഷണത്തിന് മുമ്പേ ബിസ്മില്ലാഹി എന്ന് ഓതാൻ വിട്ടുപോയെങ്കിൽ ഓർമ്മ വന്നയുടനെ **ബിസ്മില്ലാഹി അവ്വലുഹു വ ആഖിറുഹു** എന്ന് ഓതണം.

16. ഭക്ഷണം കഴിഞ്ഞയുടനെ **അൽഹംദുലില്ലാഹില്ലദീ അത്അമനാ വ സഖാനാ വജഅലനാ മിനൽ മുസ്‌ലിമീൻ** എന്ന് പ്രാർത്ഥി ക്കേണ്ടതാണ്

17. ഭക്ഷണം കഴിച്ച ശേഷം കൈയ്യും വായും ശരിക്കും വൃത്തിയാ ക്കണം.

18. ഭക്ഷണത്തിൽ മധുരവും, മുളകും, ഗരം മസാലകളും അധികമു ണ്ടാകരുത്.

19. ഭക്ഷണ പാനീയങ്ങൾ അമിതമായ ചൂടോടെ കഴിക്കരുത്.

20. അധികം തണുപ്പുള്ള വെള്ളവും കുടിക്കരുത്.

## പ്രവർത്തനങ്ങൾ

**പൂരിപ്പിക്കുക**

1. .................... കൈകൊണ്ട് ഭക്ഷണം കഴിക്കണം.

   ..........................................................................................................

2. ഭക്ഷണം ................................ ഉരുളയാക്കി കഴിക്കണം

   ..........................................................................................................

3. വായിൽ ഭക്ഷണം ഇടുമ്പോൾ വായ ............................ തുറക്കരുത്.

   ..........................................................................................................

4. ഭക്ഷണത്തിന് മുമ്പേ ........................ ദുആ ചെയ്യണം.

   ..........................................................................................................

**ഓർമ്മിച്ചെഴുതുക**

1. ഭക്ഷണത്തിനു ശേഷം ചൊല്ലേണ്ട ദുആ

   ..........................................................................................................

**സ്വന്തമായി ഗ്രഹിച്ചെഴുതുക**

ഈ പാഠത്തിൽ നിങ്ങൾ പഠിച്ച കാര്യങ്ങൾ സ്വന്തം വാക്കിൽ എഴുതുക

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

### 3. പള്ളിയിൽ പാലിക്കേണ്ട മര്യാദകൾ

1. പള്ളിയിൽ ശുദ്ധിയോടുകൂടി വൃത്തിയുള്ള വസ്ത്രം ധരിച്ച് പോകേണ്ടതാണ്.

2. പള്ളിയിൽ വലതുകാൽ വെച്ച് പ്രവേശിക്കുകയും ഈ ദുആ ചെയ്യുകയും വേണം.

   **ബിസ്മില്ലാഹി സ്സ്വലാത്തു വസ്സലാമു അലാ റസൂലില്ലാഹി അല്ലാഹുമ്മഗ്ഫ്ർലീ ദുനൂബി വഫ്തഹ്ലീ അബ്വാബ റഹ്മത്തിക്ക**

3. പള്ളിയിൽ പ്രവേശിച്ചാൽ അവിടെ സന്നിഹിതരായിരിക്കു ന്നവർക്ക് ഉചിതമായ ശബ്ദത്തിൽ സലാംപറയണം.

4. പള്ളിയിൽ എത്തിയാൽ സമയമുണ്ടെങ്കിൽ രണ്ട് റകഅത്ത് തഹിയ്യത്തുൽ മസ്ജിദ് എന്ന നഫൽ നമസ്കാരം നിർവ്വഹിക്കണം.

5. ചുവന്നുള്ളി, വെള്ളുള്ളി, മുള്ളങ്കി മുതലായ രൂക്ഷ ഗന്ധമുള്ള സാധനങ്ങൾ തിന്ന് പള്ളിയിൽ പ്രവേശിക്കരുത്. പള്ളിയിൽ തുപ്പുകയോ മൂക്ക് ചീറ്റുകയോ അല്ലെങ്കിൽ അശുദ്ധമായ ഒരു പ്രവർത്തിയും ചെയ്യുകയോ അരുത്.

6. പള്ളി എല്ലാവിധത്തിലുള്ള വൃത്തിഹീനതകളിൽ നിന്നും ശുദ്ധമാക്കി സൂക്ഷിക്കുകയും സുഗന്ധപൂരിതമാക്കുകയും വേണം

7. മസ്ജിദിൽ വട്ടമിട്ട് ഇരിക്കരുത്. മതപരമല്ലാത്ത കാര്യങ്ങൾ സംസാരിക്കാതെ നിശബ്ദമായി ദിക്റെ ഇലാഹി ചെയ്തു കൊണ്ടിരിക്കണം. സംസാരിക്കേണ്ട ആവശ്യം വന്നാൽ പതിഞ്ഞ ശബ്ദത്തിൽ സംസാരിക്കണം. മറ്റുള്ളവരുടെ ആരാധനയെ ശല്ല്യപ്പെടുത്തരുത്.

8. നമസ്കരിക്കുന്നവരുടെ മുമ്പിൽകൂടി നടക്കുന്നത് ശക്തമായി നിരോധിച്ചിരിക്കുന്നു.

9. പള്ളിയിൽ പ്രവേശിച്ചാൽ ആദ്യത്തെ സഫ്ഫ് (നിര) പൂർത്തിയാക്കണം. നിങ്ങൾ താമസിച്ചാണ് എത്തുന്നതെങ്കിൽ മുൻ സഫ്ഫിലിരിക്കാൻ വേണ്ടി ജനങ്ങളുടെ തലക്കും തോളിനും മുകളി ലൂടെ കവച്ചുവെച്ച് മുന്നിലേക്കു പോകരുത്. മറിച്ച് കിട്ടിയ

സ്ഥലത്തിരിക്കേണ്ടതാണ്.

10. പള്ളിയിൽ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുന്നതിൽ നിന്നും അവനെ ആരാധിക്കുന്നതിൽ നിന്നും ഒരാളെയും തടയരുത്.

11. നമസ്കരിക്കുന്ന സ്ഥലത്ത് ചെരുപ്പോ ഷൂസോ ഇട്ട് നടക്കരുത്. പള്ളിയിൽ പാദരക്ഷകൾ വെക്കേണ്ട സ്ഥലത്ത് വെക്കേണ്ടതാണ്.

12. പള്ളിയിൽനിന്ന് പുറത്തുപോകുമ്പോൾ അസ്സലാമു അലൈക്കും എന്ന് പറഞ്ഞുകൊണ്ട് ആദ്യം ഇടതുകാൽ എടുത്ത് പുറത്തുവെക്കുകയും താഴെപറയുന്ന ദുആ ചെയ്യുകയും വേണം

**ബിസ്മില്ലാഹിസ്സ്വലാത്തു വസ്സലാമു അലാ റസൂലില്ലാഹി അല്ലാഹുമ്മഗ്ഫിർലീ ദുനൂബീ വഫ്തഹ്‌ലീ അബ്‌വാബ ഫള്‌ലിക്ക.**

13. ചെറിയ കുട്ടികളെ പള്ളിയിൽ കൊണ്ടു വരുന്നെങ്കിൽ തന്റെ അടുത്ത് ഇരുത്തുകയും മറ്റുള്ളവരുടെ ആരാധനക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കത്തക്കവണ്ണം അവരെ ശ്രദ്ധിക്കുകയും വേണം.

## പ്രവർത്തനങ്ങൾ

**ഉത്തരമെഴുതുക**

1. തഹിയ്യത്തുൽ മസ്ജിദ് എന്നു പറഞ്ഞാൽ എന്താണ്.

..........................................................................................................

..........................................................................................................

..........................................................................................................

2. പള്ളിയിലേയ്ക്ക് പോകുമ്പോൾ എന്തൊക്കെ സാധനങ്ങളാണ് ഭക്ഷിക്കാൻ പാടില്ലാത്തത്.

..........................................................................................................

..........................................................................................................

..........................................................................................................

**പൂരിപ്പിക്കുക**

1. പള്ളിയിൽ ............................ കാൽവെച്ച് കയറണം.

   ......................................................................................................................

2. പള്ളിയിൽ .............................. ഇരിക്കരുത്.

   ......................................................................................................................

3. പള്ളിയിൽ നിന്ന് ......................... കാൽവെച്ച് പുറത്തു വരണം

   ......................................................................................................................

**ഓർമ്മിച്ചെഴുതുക**

1. പള്ളിയിൽ പ്രവേശിക്കുമ്പോൾ ചൊല്ലേണ്ട ദുആയും പുറത്തു വരുമ്പോൾ ചൊല്ലേണ്ട ദുആയും എഴുതുക.

   ......................................................................................................................

   ......................................................................................................................

   ......................................................................................................................

   ......................................................................................................................

   ......................................................................................................................

   ......................................................................................................................

പാഠം പന്ത്രണ്ട്

# മുഹമ്മദു നബി (സ)

(ചരിത്രം രണ്ടാം ഭാഗം)

## (അമീൻ – സിദ്ദീഖ്)

മുഹമ്മദു നബി (സ) യുടെ ചെറുപ്പകാലത്ത് അറേബ്യയിലാകെ പലതരത്തിലുള്ള തിന്മകൾ വ്യാപിച്ചിരുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിനുപകരം വിഗ്രഹങ്ങളെ ആരാധിക്കുകയായിരുന്നു അവരുടെ പതിവ്. ന്യായത്തിനും നിയമത്തിനും ഒരു വിലയും നല്കിയിരുന്നില്ല. അവിടെ ഉണ്ടായിരുന്ന ഗോത്രങ്ങൾ തമ്മിൽ പരസ്പരം കലഹിച്ചു കൊണ്ടിരുന്നു. അവർ മദ്യം എപ്പോഴും ഉപയോഗിച്ചിരുന്നു. എല്ലാ തരം അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അവർ അകപ്പെട്ടിരുന്നു. എന്നാൽ, നബി (സ) ചെറുപ്പത്തിൽത്തന്നെ ഇത്തരം കാര്യങ്ങളോട് വെറുപ്പ് പ്രകടിപ്പിച്ചും, ചീത്ത കുട്ടികളുമായുള്ള സഹവാസം ഉപേക്ഷിച്ചും, നല്ലതുമാത്രം ഇഷ്ടപ്പെട്ടും, സൽസ്വഭാവിയായി വളർന്നു.

മുഹമ്മദ് നബി (സ) ചെറുപ്പത്തിൽ ആടുകളെ മേയ്ക്കാൻ പോകാറുണ്ടായിരുന്നു. ആടുകളെ കൂട്ടത്തോടെ തെളിച്ച് വെള്ളവും പുല്ലുമുള്ള സ്ഥലങ്ങളിൽ കൊണ്ടുപോകും. വൈകുന്നേരം അവയെ തിരിച്ച് കൊണ്ടുവരികയും ചെയ്യും. ആടുകളെ മേയ്ക്കുന്നതിന് നല്ല ക്ഷമയും ജീവികളോട് ദയയും വേണം. നബി (സ) ഒരു നല്ല ഇടയനായിരുന്നു.


നബി (സ) യുടെ നല്ല സ്വഭാവവും ശീലവും ജനങ്ങളിൽ വളരെ വലിയ മതിപ്പും ബഹുമാനവും ഉളവാക്കിയിരുന്നു. മക്കയിലെ ജനങ്ങൾ നബി (സ) യെ വിശ്വസ്തൻ (അമീൻ) എന്നും സത്യസന്ധൻ (സിദ്ദീഖ്) എന്നും വിളിച്ചിരുന്നു.

മറ്റുള്ളവരുടെ കലഹങ്ങൾ അവസാനിപ്പിക്കാൻ നബി (സ) അതിയായി പരിശ്രമിച്ചുകൊണ്ടിരുന്നു. നബി (സ) യ്ക്ക് ഏകദേശം 20 വയസ്സ് പ്രായമായപ്പോൾ മക്കയിൽ നിലവിലുണ്ടായിരുന്ന ഹിൽഫുൽ ഫുസൂൽ എന്ന സാമൂഹിക സംഘടനയിൽ അംഗമായി ചേർന്നു. മക്കയിലെ ചില യുവാക്കൾ ചേർന്നാണ് ഈ സംഘടന ഉണ്ടാക്കിയത്. അക്രമങ്ങൾ തടയാനും മർദ്ദിതരെ സഹായിക്കാനും അവകാശ സംരക്ഷണത്തിനുംവേണ്ടി തങ്ങൾ നിരന്തരം പരിശ്രമിക്കുമെന്ന് ഇതിൽ അംഗങ്ങളായി ചേരുന്നവർ പ്രതിജ്ഞ ചെയ്യുമായിരുന്നു.

നബി (സ) ബുദ്ധിമാനായിരുന്നു. ഏത് പ്രശ്നവും പരിഹരിക്കുവാനുള്ള സാമർത്ഥ്യം ഉണ്ടായിരുന്നു. ആരെയും വിഷമിപ്പിക്കാതെ നിഷ്പക്ഷമായി പ്രശ്നങ്ങൾ പരിഹരിക്കുമായിരുന്നു. ഇതിന് തെളിവായി ഒരു സംഭവ കഥ വിവരിക്കാം. അന്ന് നബി (സ) ക്ക് 35 വയസ്സ് പ്രായമായിരുന്നു.

ശക്തിയായ മഴ കാരണം വെള്ളം കയറി കഅ്ബയുടെ ചുമരുകൾക്ക് കേട് പറ്റി. ഖുറൈശികൾ ഇതിനെ പുനർനിർമ്മിക്കാൻ തീരുമാനിച്ചു. എന്നാൽ ഇത് അല്ലാഹുവിന്റെ ഭവനമാണ്, ഇത് പൊളിക്കുമ്പോൾ എന്തെങ്കിലും ആപത്ത് വന്ന് പതിച്ചാലോ മക്കയിലെ ജനങ്ങൾക്ക് ആശങ്കയുണ്ടായി. അങ്ങനെയിരിക്കെ ഖുറൈശികളുടെ നേതാക്കന്മാരിൽപ്പെട്ട പ്രായം ചെന്ന വലീദി ബിൻ മുഗീറ എന്നയാൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. അദ്ദേഹത്തിന് ഒരാപത്തും വരുന്നില്ലെന്നുകണ്ട് ബാക്കി ജനങ്ങളും പുനർനിർമ്മാണത്തിൽ പങ്കുചേർന്നു. എന്നാൽ ഇബ്റാഹീം നബിയുടെ കാലംമുതൽ വിശിഷ്ടമായി കരുതി വന്നിരുന്ന ഹജറുൽ അസ്വദ് എടുത്തുവെക്കേണ്ട സ്ഥലം വന്നപ്പോൾ തർക്കമായി. മക്കയിലെ ഗോത്രങ്ങൾ തമ്മിൽ കലഹമാരംഭിച്ചു. ഓരോ ഗോത്രവും ഇതെടുത്ത് വെക്കേണ്ട അവകാശം തങ്ങൾക്കാണെന്ന് വാദിച്ചു. കുറച്ചുദിവസ ത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചു. അവസാനം അബൂ ഉമയ്യ ബിൻ മുഗീറ ഒരു നിർദ്ദേശം വെച്ചു. ആരാണ് ഈ കഅ്ബയിലേക്ക്

ആദ്യമായി കടന്നുവരുന്നത്, അയാളുടെ അഭി പ്രായത്തെ അംഗീകരിച്ചു കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താമെന്ന്. ഈ അഭിപ്രായം എല്ലാവർക്കും ഇഷ്ടമായി. പിറ്റേ ദിവസം ഏറ്റവും ആദ്യം കഅ്ബയിലേക്ക് നടന്ന് വന്നത് നബി (സ) ആയിരുന്നു. ഇതുകണ്ട മാത്രയിൽ എല്ലാവരും അമീൻ, അമീൻ (വിശ്വസ്തൻ, വിശ്വസ്തൻ) എന്ന് ഉറക്കെ വിളിച്ചുപറഞ്ഞ് പ്രശ്നം നബി (സ) യുടെ മുമ്പിൽ അവതരിപ്പിച്ചു. എല്ലാം കേട്ട്


ഹജറുൽ അസ്വദ്

കഴിഞ്ഞതിനുശേഷം നബി (സ) ഒരു വിരിപ്പ് കൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. അതിൽ ഹജറുൽ അസ്വദ് എടുത്തുവെച്ചു. ഈ വിരിപ്പിന്റെ ഓരോ അറ്റത്തും പിടിച്ച് മേൽപോട്ടുയർത്താൻ ഖുറൈശി നേതാക്കന്മാരോട് നബി (സ) പറഞ്ഞു. അങ്ങനെ നേതാക്കന്മാർ എല്ലാവരും കൂടി വിരിപ്പിന്റെ നാലറ്റത്തും പിടിച്ചുയർത്തി ഹജറുൽ അസ്വദ് വെക്കേണ്ട സ്ഥലം എത്തിയപ്പോൾ നബി (സ) അത് എടുത്ത് അവിടെ വെച്ചു. അങ്ങനെ എല്ലാവർക്കും തൃപ്തിയാകും വിധം പ്രശ്നത്തിന് പരിഹാരം കണ്ടെത്തി.

ഇന്ന് പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്ന ഗോത്രക്കാർ, ഭാവിയിൽ ഈ വ്യക്തിയുടെ കയ്യാൽ ഒരുമിച്ചുകൂട്ടപ്പെടുമെന്ന് അല്ലാഹു ചിത്ര ഭാഷയിലൂടെ അവരെ ബോധ്യപ്പെടുത്തുകയായിരുന്നു. സമീപ ഭാവിയിൽ തന്നെ നബി (സ) യുടെ കരങ്ങളിലൂടെ മക്കയിലെ ഇതേ ഗോത്രക്കാരെ അല്ലാഹു ഒരുമിച്ചുകൂട്ടുകയും ചെയ്തു.

## പ്രവർത്തനങ്ങൾ

**ഉത്തരമെഴുതുക**

1. നബി (സ) ഏതൊക്കെ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്?

   ..............................................................................................................

2. നബി (സ) യുടെ സ്വഭാവം എപ്രകാരമുള്ളതായിരുന്നു?

   ..............................................................................................................

3. കഅ്ബ പുനർനിർമ്മാണത്തിന് നേതൃത്വം വഹിച്ച വ്യക്തിയുടെ പേരെന്ത്?

   ..............................................................................................................

4. നബി (സ) അംഗമായ സംഘടനയുടെ പേരെന്ത്?

   ..............................................................................................................

5 നബി (സ) ചെറുപ്പത്തിൽ ഏത് ജോലിയിലാണ് ഏർപ്പെട്ടിരുന്നത്?

   ..............................................................................................................

**ശരിയോ തെറ്റോ എന്ന് എഴുതുക**

1. നബി (സ) ചീത്ത കാര്യങ്ങളെ വെറുത്തിരുന്നു.

   ..............................................................................................................

2. ഹജറുൽ അസ്വദ് എടുത്തുവെച്ചത് നബി ആയിരുന്നില്ല.

   ..............................................................................................................

3 നബി (സ) ചെറുപ്പത്തിൽ ആടുകളെ മേയ്ക്കാൻ പോയിരുന്നില്ല.

   ..............................................................................................................

4. ഗോത്രങ്ങൾ പരസ്പരം കലഹിച്ചുകൊണ്ടിരുന്നു.

   ..............................................................................................................

അർത്ഥമെഴുതുക


1. അമീൻ ............................................................

2. സിദ്ദീഖ് ............................................................

പാഠം പതിമൂന്ന്

# ഹസ്റത്ത് ഇമാം മഹ്ദി (അ)

(ചരിത്രം രണ്ടാം ഭാഗം)



**ഇമാം** മഹ്ദി (അ) കുട്ടിക്കാലം മുതൽക്കേ വളരെ പരിശുദ്ധ ജീവിതമാണ് നയിച്ചിരുന്നത്. മറ്റ് കുട്ടികൾക്കൊപ്പംകൂടി വികൃതിത്തരങ്ങളിൽ പങ്കെടുക്കാറുണ്ടായിരുന്നില്ല. നേരം പോക്കുകളിൽ നിന്നും, കളിതമാശകളിൽ നിന്നുമെല്ലാം വിട്ടുനിന്നിരുന്നു. ചെറുപ്പത്തിൽത്തന്നെ അതീവ ദൈവഭക്തി പ്രകടിപ്പിച്ചിരുന്നു. കളി വിനോദങ്ങളിലൊന്നും ഒരു പ്രതിപത്തിയും കാണിച്ചിരുന്നില്ല. എങ്കിലും വ്യായാമത്തിൽ അദ്ദേഹം താൽപര്യം കാണിച്ചിരുന്നു. നീന്തൽ ആണ് അദ്ദേഹം ഏറ്റവും ഇഷ്ടപ്പെട്ടിരുന്നത്. കുതിര സവാരിയും ഏറെ ഇഷ്ടപ്പെട്ടിരുന്നു. എന്നാൽ, അദ്ദേഹത്തിനെപ്പോഴും പ്രിയങ്കരമായ വ്യായാമം നടത്തമായിരുന്നു. മരണംവരെ അത് തുടർന്ന് പോന്നിരുന്നു. ഇമാം മഹ്ദി (അ) വളരെ ലജ്ജാശീലനും ശാന്തനുമായിരുന്നു.

അറിവ് സമ്പാദിക്കുന്ന കാര്യത്തിൽ വളരെ താൽപര്യം കാട്ടിയിരുന്നു. പുസ്തക വായനയിൽ അദ്ദേഹം എപ്പോഴും ലീനനായിരുന്നു. അധിക സമയവും പള്ളിയിൽ ധ്യാന നിഷ്ഠനായിരിക്കുക പതിവായിരുന്നു. ഇത് മകന്റെ ആരോഗ്യത്തെ മോശമായി ബാധിക്കുമെന്ന് പിതാവ് എപ്പോഴും ഉൽകണ്ഠപ്പെടുമായിരുന്നു. ബാഹ്യലോകം മറന്നുപോകുന്ന തരത്തിൽ പുസ്തക പാരായണത്തിൽ മുഴുകി പോവുക പതിവായിരുന്നു എന്ന് ഹദ്റത്ത് ഇമാം മഹ്ദി (അ) തന്നെ പറയാറുണ്ടായിരുന്നു. പള്ളിയിൽ നാലുവശത്തും കുമിഞ്ഞുകൂടിയ പുസ്തകത്തിന്റെ നടുവിൽ വായനയിൽ മുഴുകിയ നിലയിലാണ് ഇമാം മഹ്ദി (അ) നെ കാണാറുണ്ടായിരുന്നുത്.

എന്നാൽ, ഇമാം മഹ്ദി (അ) എപ്പോഴും പാരായണം ചെയ്തിരുന്നത് ഖുർആൻ ആയിരുന്നു. എപ്പോഴും കൈയ്യിൽ ഖുർആൻ ഉണ്ടായിരുന്നു.

അതിൽ അടയാളപ്പെടുത്തുകയും, ചിന്തിച്ചുകൊണ്ടിരിക്കുകയും, അത് ഉരുവിട്ടുകൊണ്ടിരിക്കുകയും ചെയ്യുമായിരുന്നു. ഏകദേശം പതിനായിരത്തിലധികം പ്രാവശ്യം ഖുർആൻ ഓതിയുട്ടുണ്ടാകുമെന്ന് തനിക്ക് ഉറപ്പിച്ചുപറയുവാൻ കഴിയുമെന്ന് അദ്ദേഹത്തിന്റെ മൂത്ത പുത്രനായ മിർസ സുൽത്താൻ അഹ്മദ് പറഞ്ഞിട്ടുണ്ട്. വിശുദ്ധ ഖുർആന് പുറമെ ഹദീസ് ഗ്രന്ഥങ്ങളും ചില സുഫീവര്യന്മാരുടെ ഗ്രന്ഥങ്ങളും പാരായണം ചെയ്യാറുണ്ടായിരുന്നു.

ഇമാം മഹ്ദി (അ) യ്ക്ക് ഏകദേശം 16 വയസ്സായപ്പോൾ തന്റെ മാതുലപുത്രിയായ ഹുർമത്ത് ബീബിയെ വിവാഹം ചെയ്തു. വിവാഹത്തിൽ മിർസാ സുൽത്താൻ അഹ്മദ്, മിർസാ ഫസ്ൽ അഹ്മദ് എന്നീ രണ്ട് പുത്രന്മാരുണ്ടായി. ഇമാം മഹ്ദി (അ) ഉയർന്ന പ്രഭു കുടുംബത്തിലെ അംഗമായിരുന്നു. പിതാവിന്റെ അധീനതയിലുണ്ടായിരുന്ന അധിക സ്വത്തുക്കളും നഷ്ടപ്പെടുകയും ഖാദിയാനും, അതിന്റെ പരിസര പ്രദേശങ്ങളും അവശേഷിക്കുകയും ചെയ്തു. കൈവിട്ടുപോയ സ്വത്തുക്കൾ വീണ്ടെടുക്കാനുള്ള കേസുകൾ നടത്തുന്നതിനായി തന്റെ രണ്ടാമത്തെ മകനായ ഹദ്റത്ത് അഹ്മദ് (അ) നെ ചുമതലപ്പെടുത്താൻ പിതാവ് ആഗ്രഹിച്ചു. എന്നാൽ ഈ കേസുകൾ നടത്തുവാൻ അദ്ദേഹത്തിന് അൽപം പോലും ആഗ്രഹമുണ്ടായിരുന്നില്ല. പക്ഷേ, പിതാവിനെ അനുസരിക്കേണ്ടത് നിർബന്ധമായിരുന്നതിനാൽ പിതാവ് ഏല്പ്പിച്ച ജോലികൾ അദ്ദേഹം നിർവഹിച്ചു. ഈ കേസുകൾ നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്ന കാര്യത്തിൽ ആ പുണ്യാത്മാവ് തെല്ലും വീഴ്ചവരുത്തിയിരുന്നില്ല. കേസ് നടന്നുകൊണ്ടിരിക്കെ നമസ്കാര സമയങ്ങളടുത്താൽ അത് നിർവ്വഹിക്കുവാൻ ബദ്ധപ്പെടുമായിരുന്നു. നമസ്കാരം നിർവ്വഹിച്ചുകൊണ്ടിരിക്കെ കോടതി അദ്ദേഹത്തിന് അനുകൂലമായി വിധി പറഞ്ഞ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

## പ്രവർത്തനങ്ങൾ

**ഉത്തരമെഴുതുക.**

1. ഇമാം മഹ്ദി (അ) ഇഷ്ടപ്പെട്ടിരുന്ന വ്യായാമങ്ങൾ എന്തൊക്കെയാണ്?

   ...............................................................................................................

   ...............................................................................................................

   ...............................................................................................................

2. എപ്പോഴും പാരായണം ചെയ്തുകൊണ്ടിരുന്ന ഗ്രന്ഥമേത് ?

   ...............................................................................................................

3. ഏത് ഹദീസ് ഗ്രന്ഥമാണ് ഇമാം മഹ്ദി (അ) വായിക്കാറുണ്ടായിരുന്നത്?

   ...............................................................................................................

4. ഇമാം മഹ്ദി (അ) യുടെ മൂത്ത പുത്രന്റെ പേരെന്ത്.?

   ...............................................................................................................

5. ഇമാം മഹ്ദി (അ) എത്രാമത്തെ വയസ്സിലാണ് വിവാഹം കഴിച്ചത്?

   ...............................................................................................................

**പൂരിപ്പിക്കുക.**

1. ഇമാം മഹ്ദി (അ) ന്റെ ഭാര്യയുടെ പേര് ............................ ആകുന്നു.

   ...............................................................................................................

2. ഇമാം മഹ്ദി (അ) ............................ കുടുംബത്തിലെ അംഗമായിരുന്നു.

   ...............................................................................................................

# ഖുർആൻ സബ്സെ അച്ഛാ

ഖുർആൻ സബ്സെ അച്ഛാ, ഖുർആൻ സബ്സെ പ്യാരാ
ഖുർആൻ ദിൽ കി ഖുവ്വത്ത് ഖുർആൻ ഹേ സഹാരാ
അല്ലാഹ്മിആൻ കാ ഖത്ത്ഹെ ജൊ മേരെ നാമ് ആയാ
ഉസ്താനീജീ പഠാദോ ജൽദീ മുത്സേ സിപാരാ
പഹ്ലേതൊ നാസിറേ സേ ആഖേൻ കറൂങ്കിറോശൻ
ഫിർ തർജുമാ സിഖാനാ ജബ് പഢ്ചുകും മെ സാരാ
മഥ്ലബ് നഃ ആയെ ജബ് തക് ക്യൂൻകർ അമൽഹൈ മുംകിൻ
ബേ തർജുമേ കേ ഹർഗിസ് അപ്നാ നഹീം ഗുസാരാ
യാ റബ്ബ് തു റഹം കർകേ ഹംകോ സിഖാദേ ഖുർആൻ
ഹർ ദ്ദുഃഖ് കീ യഹ് ദവാഹോ ഹർ ദർദ് കാഹോചാരാ
ദിൽ മേഹോ മേരെ ഈമാൻ സീനേമെ നൂറേഫുർഖാൻ
ബൻജാഊം ഫിർ തൊ സച്ച്മുച്ച് മൈ ആസ്മാൻ കാ താരാ
(ഹസ്റത്ത് മീർ മുഹമ്മദ് ഇസ്മായിൽ സാഹിബ്)

قرآن سب سے اچھا قرآن سب سے پیارا ۔ قرآن دل کی قوت قرآن ہے سہارا
اللہ میاں کا خط ہے جو میرے نام آیا ۔ استانی جی پڑھا دو جلدی مجھے سیپارہ
پہلے تو ناظرے سے آنکھیں کروں گی روشن ۔ پھر ترجمہ سکھانا جب پڑھ چکوں میں سارا
مطلب نہ آئے جب تک کیونکر عمل ہے ممکن ۔ بے ترجمے کے ہرگز اپنا نہیں گزارہ
یارب تو رحم کرکے ہم کو سکھا دے قرآن ۔ ہر دکھ کی یہ دوا ہو ہر درد کا ہو چارہ
دل میں ہو میرے ایماں سینے میں نورِ قرآں ۔ بن جاؤں پھر تو سچ مچ میں آسماں کا تارا
(حضرت میر محمد اسماعیل صاحب)